ദി ഡിഫെൻഡർ

Vol. No. 8 Issue No. 9 RNI Reg. No. 68089 / 97 Published From Perumbavoor 2005 MAY 1

# ചാനൽ ഫണ്ടിൽ തിരിമറി നടത്തി

മകന് എം.ബി.ബി.എസ്. സീറ്റ് തരപ്പെടുത്താൻ കെ.സി. ജോൺ തമിഴ്നാട്ടിലുള്ള ഒരു മെഡിക്കൽ കോളേജിനു 23 ലക്ഷം രൂപ നൽകിയതായി അറിയുന്നു. ചാനലിന്റെ പേരു പറഞ്ഞ് ഉലക പര്യടനം നടത്തി പിരിച്ച പണമാണ് കെ.സി. ജോൺ ഇപ്രകാരം ദുർവിനിയോഗം ചെയ്തിരിക്കുന്നത്.

പഠിത്തത്തിൽ അത്ര സമർത്ഥനൊന്നുമല്ലാത്ത ഇളയ മകന് കേരളത്തിൽ പഠിച്ച് ഡോക്ടറാകുക എന്നത് അത്രയെളുപ്പമുള്ള കാര്യമല്ല. അതുകൊണ്ടാണ് 23 ലക്ഷം രൂപ വിനായകന് കാഴ്ചവച്ച് അഡ്മിഷൻ തരപ്പെടുത്തിയത്.

2004 നവംബർ 1ന് രണ്ടു ചാനലുകൾ നിലവിൽ വരും എന്ന് പ്രചരണം നടത്തിയാണ് കെ.സി. ജോൺ വിശ്വാസികളെ കബളിപ്പിച്ചത്. ഏതാനും മാസം കഴിഞ്ഞപ്പോൾ ചാനലിന്റെ എണ്ണം ഒന്നായി ചുരുക്കി. എന്നിട്ടും നവംബർ ഒന്നിന് ചാനൽ തുടങ്ങിയില്ല.

എല്ലാ പെന്തക്കോസ്ത് പത്രങ്ങളും ഈ ചാനൽ തട്ടിപ്പിന് കൂട്ടുനിന്നു. പത്രങ്ങളിൽ അച്ചടിച്ചു വരുന്നതെല്ലാം സത്യമാണെന്ന് കരുതുന്ന പാവപ്പെട്ട വിശ്വാസികൾ കെ.സി. ജോണിന്



പണം നൽകി. ചാനലിന്റെ പേരു പറഞ്ഞ് കെ.സി. ജോൺ തട്ടിപ്പു നടത്തുകയാണെന്ന വസ്തുത വിളിച്ചു പറയാൻ ഡിഫെൻഡറിനു മാത്രമേ ധൈര്യം ഉണ്ടായുള്ളൂ. ഡിഫെൻഡർ പറഞ്ഞതാണ് സത്യമെന്ന് കാലം തെളിയിച്ചു. നവംബർ ഒന്ന് കഴിഞ്ഞിട്ട് ഇപ്പോൾ മാസം ആറായി. പക്ഷേ ചാനൽ അവതരിപ്പിച്ചിട്ടില്ല.

ഗൾഫ് രാജ്യങ്ങളിലും അമേരിക്കയിലും സഞ്ചരിച്ച് ചാനലിന്റെ പേരിൽ കെ.സി. ജോൺ വ്യാപകമായ പിരിവ് നടത്തി. ഇങ്ങനെ ലഭിച്ച പണത്തിന്റെ ചെറിയൊരംശത്തിനു മാത്രമേ കണക്കു സൂക്ഷിച്ചിട്ടുള്ളൂ. കണക്കിൽ പെടാത്ത കോടികൾ കെ.സി. ജോണിന്റെ പോക്കറ്റിലേയ്ക്ക് ഒഴുകി. അങ്ങനെ ലഭിച്ച പണത്തിന്റെ ഒരംശം മുടക്കിയാണ് കെ.സി. ജോൺ ഇളയ മകനെ ഡോക്ടറാക്കുന്നത്.

23 ലക്ഷം രൂപയ്ക്ക് എട്ടു ലക്ഷത്തോളം രൂപ ആദായ നികുതി കൊടുക്കേണ്ടതാണ്. അത് കെ.സി. ജോൺ കൊടുത്തിട്ടുണ്ടോയെന്ന് ആദായ നികുതി വകുപ്പ് പരിശോധിക്കട്ടെ. ചാനലിന്റെ പേരു പറഞ്ഞ് പണം പിരിച്ച് കീശയിൽ ആക്കിയത് ക്രിമിനൽ കുറ്റമാണ്. ഇതിനെതിരേയും നടപടി ഉണ്ടാകണം. അതുകൊണ്ട് ഈ വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഡിഫെൻഡർ തീരുമാനിച്ചിരിക്കയാണ്.

കെ.സി. ജോണിന് തട്ടിപ്പു നടത്താൻ ഒത്താശ ചെയ്തു കൊടുക്കുന്ന മാത്യൂസ് ചാക്കോയോടും കൂട്ടരോടും ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്. ഈ തട്ടിപ്പിനെതിരെ സർക്കാർ നടപടിയെടുക്കുമ്പോൾ നിങ്ങളും കൂട്ടുപ്രതികളാകും. അതുകൊണ്ട് കെ.സി. ജോണിന്റെ വിക്രിയകൾക്ക് ഈ വൈകിയ വേളയിലെങ്കിലും കടിഞ്ഞാണിട്ടാൽ നന്ന്.

# കെ.പി. യോഹന്നാന് എന്തുപറ്റി?



കെ.പി. യോഹന്നാന് യഥാർത്ഥത്തിൽ എന്താണ് പറ്റിയത്? ഒന്നിനു പുറകേ ഒന്നായി അബദ്ധങ്ങൾ തന്നെ ചെയ്തു കൂട്ടണമെങ്കിൽ തക്കതായ കാരണം ഉണ്ടായിരിക്കുമല്ലോ? അതെന്താണ്.

ഒന്നര ദശാബ്ദം മുൻപ് എടുത്തു പറയത്തക്ക കുഴപ്പങ്ങൾ ഒന്നുമില്ലാത്ത ഒരു ദൈവ ദാസനായിരുന്നു കെ.പി. യോഹന്നാൻ. നിരവധി വർഷങ്ങൾ അദ്ദേഹം സാധുക്കളായ ഒട്ടേറെ ദൈവ ദാസന്മാരുടെ അന്നദാതാവും ആയിരുന്നു. വിവിധ മാധ്യമങ്ങളിലൂടെ അദ്ദേഹം സുവിശേഷം പ്രചരിപ്പിക്കുകയും ചെയ്തിരുന്നു.

കാലം കെ.പി. യോഹന്നാനിൽ നിരവധി മാറ്റങ്ങൾ വരുത്തി. ആവശ്യത്തിൽ അധികം പണം കൈയ്യിലെത്തിയപ്പോൾ അതെങ്ങനെ ചെലവഴിക്കണമെന്നറിയാതെ കെ.പി. യോഹന്നാൻ വിഷമിച്ചു. ബിലിവേഴ്സ് ചർച്ചെന്ന സ്വന്തം സാമ്രാജ്യം കെട്ടിപ്പടുക്കാനുള്ള പദ്ധതിയ്ക്ക് രൂപം കൊടുത്തത് അങ്ങനെയാണ്.

പെന്തക്കോസ്ത് സഭകളുമായി വിശ്വാസാചാരങ്ങളിൽ സാമ്യമുള്ളതായിരുന്നു ബിലിവേഴ്സ് ചർച്ച്. എന്നാൽ കാലക്രമത്തിൽ അതൊരു കൾട്ടിന്റെ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങി. കെ.പി. യോഹന്നാൻ എന്ന ചോദ്യം ചെയ്യപ്പെടാനാവാത്ത നേതാവിന്റെ ഹിതമനുസരിച്ച് ബിലിവേഴ്സ് ചർച്ചിന്റെ വിശ്വാസ പ്രമാണങ്ങൾ മാറിമറഞ്ഞു. പ്രസ്ഥാനത്തിന്റെ വഴിപിഴച്ചു പോക്കിനെതിരെ പ്രതികരിച്ചവർ എല്ലാം പുറത്തായി. കെ.പി. യോഹന്നാനെ കണ്ണടച്ച് അനുസരിക്കുന്നവർ നേതൃത്വ നിലയിൽ എത്തി.

കെ.പി. യോഹന്നാനെന്ന ആർച്ച് ബിഷപ്പും അദ്ദേഹം വാഴിച്ച കുറേ ചുമ്മാ ബിഷപ്പുമാരും നേതൃത്വം കൊടുക്കുന്ന ബിലിവേഴ്സ് ചർച്ച് കൾട്ടിന്റെ മിക്ക ലക്ഷണങ്ങളും ഉള്ള ഒരു പ്രസ്ഥാനമായി മാറിക്കഴിഞ്ഞു. ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം, രഹസ്യ സ്വഭാവം, നിരന്തരം മാറുന്ന ദൈവശാസ്ത്രം തുടങ്ങിയവ എടുത്തു പറയേണ്ട ലക്ഷണങ്ങളാണ്. ഇതര പട്ടത്വ സഭകൾക്കുള്ളതുപോലെ ഒരു സിനഡും മറ്റും ബിലിവേഴ്സ് ചർച്ചിന് ഉണ്ടെങ്കിലും കെ.പി. യോഹന്നാന്റെ ഹിതം മാത്രമേ ബിലിവേഴ്സ് ചർച്ചിൽ നടക്കൂ. സിനഡ് നോക്കുകുത്തി മാത്രം. ഈ പോക്ക് എവിടെ ചെന്നാണവസാനിക്കുക എന്നേ ഇനി അറിയാനുള്ളൂ.

# വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ

വിശ്വാസികളും ശുശ്രൂഷകന്മാരും അറിഞ്ഞിരിക്കേണ്ട എല്ലാ ഉപദേശ വിഷയങ്ങളും ഉൾക്കൊള്ളുന്ന സി.ഡി.കൾ പുറത്തിറക്കാൻ ഞാൻ (റ്റി.എസ്. ബാലൻ) പദ്ധതി തയ്യാറാക്കിയിട്ടുണ്ട് എന്ന വിവരം വായനക്കാരെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്. MP3 ഫോർമാറ്റിൽ 10 ഓഡിയോ സി.ഡി.കൾ പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 120 മണിക്കൂർ ദൈർഘ്യമുള്ള ബൈബിൾ സ്റ്റഡി ഈ സി.ഡി.കളിൽ ഉണ്ടാകും.

ആദ്യ സി.ഡി.യിൽ രക്ഷയെ ബാധിക്കുന്ന അടിസ്ഥാന വേദോപദേശങ്ങളാണ് ഉണ്ടാകുക. രക്ഷ, വിശ്വാസ സ്നാനം, പരിശുദ്ധാത്മാഭിഷേകം തുടങ്ങിയ വിഷയങ്ങളെല്ലാം ഈ സി.ഡി.യിൽ ഉണ്ടാകും.

കൾട്ടുകളെ കുറിച്ചുള്ള പഠനമാണ് രണ്ടാമത്തെ സി.ഡി.യിൽ ഉണ്ടാകുക. യഹോവ സാക്ഷികൾ, ശാബതുകാർ, മോർമോൺ ക്രിസ്റ്റാഡെൽഫിയൻ, ക്രിസ്ത്യൻ സയൻസ് തുടങ്ങിയ പ്രധാന കൾട്ടുകളെക്കുറിച്ചെല്ലാമുള്ള പഠനങ്ങൾ ഉണ്ടാകും.

ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് മൂന്നാമത്തെ സി.ഡി.യുടെ ഉള്ളടക്കം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ, ദുരാത്മാവിന്റെ പ്രവർത്തനങ്ങൾ എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി തിരിച്ചാണ് പഠനം നടത്തുക.

നാലാമത്തെ സി.ഡിയിൽ ദുരുപദേശങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് ഉൾപ്പെടുത്തുക. ദൈവസഭയെ തകർക്കാനായി സാത്താൻ പ്രചരിപ്പിക്കുന്ന പ്രധാനപ്പെട്ട ദുരുപദേശങ്ങൾ എല്ലാം ഈ സി.ഡി.യിൽ പഠനവിധേയമാക്കും.

പ്രധാനപ്പെട്ട ലോക മതങ്ങളെക്കുറിച്ചുള്ള വിശദമായ പഠനങ്ങൾ ആയിരിക്കും അഞ്ചാമത്തെ സി.ഡി.യുടെ ഉള്ളടക്കം. ഹിന്ദുമതം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്കുമതം തുടങ്ങിയവയെല്ലാം ഉണ്ടാകും. ഈ മതങ്ങളിൽ വിശ്വസിക്കുന്നവരോട് സുവിശേഷം അറിയിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ സി.ഡി. സഹായകമാകും.

ബൈബിൾ വ്യാഖ്യാനിക്കേണ്ടത് എങ്ങനെയെന്നതാണ് ആറാമത്തെ സി.ഡി.യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യേശു പറഞ്ഞ ഉപമകൾ ഉൾപ്പെടെയുള്ള നിരവധി വ്യാഖ്യാന പ്രശ്നങ്ങൾ പഠനവിധേയമാക്കുന്നതാണ്.

ഭാവികാല ശാസ്ത്രത്തെക്കുറിച്ചുള്ള വിശദമായ പഠനമാണ് ഏഴാമത്തെ സി.ഡി.യിൽ ഉണ്ടാകുക. ദാനിയേൽ പ്രവചനം, വെളിപ്പാട് പുസ്തകം എന്നിവയുടെ വ്യാഖ്യാനങ്ങളും ഉണ്ടാകും.

ബൈബിളുമായി ബന്ധപ്പെട്ട നൂറുകണക്കിന് സംശയങ്ങൾക്ക് ഉചിതമായ മറുപടി പറയാൻ കഴിയാതെ വിശ്വാസികളും ശുശ്രൂഷകന്മാരും കുഴയാറുണ്ട്. ഇത്തരം പ്രശ്നങ്ങൾക്കുള്ള പരി

(പേജ് 3............)

ദി ഡിഫെൻഡർ
Vol. No.8 Issue No. 9 2005 May 1

# പെന്തക്കോസ്തിലെ കൊച്ചുണ്ണികൾ

കായംകുളം കൊച്ചുണ്ണി കൊള്ളക്കാരുടെ പ്രതീകമാണ്. എങ്കിലും കൊച്ചുണ്ണി കൊള്ള നടത്തിയിരുന്നത് സാധുക്കളെ സഹായിക്കാൻ വേണ്ടിക്കൂടിയായിരുന്നു. പക്ഷേ, പെന്തക്കോസ്തിലെ കൊച്ചുണ്ണിമാർ കൊള്ള നടത്തുന്നത് സ്വന്തം കീശ വീർപ്പിക്കാൻ വേണ്ടി മാത്രമാണ്.

പെന്തക്കോസ്തിലെ ആദ്യകാല വിശ്വാസികളും ശുശ്രൂഷകന്മാരും പരമ ദരിദ്രർ ആയിരുന്നു. കഷ്ടതയും പട്ടിണിയും ഒക്കെ അവർ തങ്ങളുടെ അവകാശമായി പരിഗണിക്കുകയും ചെയ്തിരുന്നു. എന്നാൽ വിദേശ പണത്തിന്റെ ഒഴുക്ക് ആരംഭിച്ചതോടെ ഈ സ്ഥിതിയ്ക്ക് മാറ്റം വന്നു. കഷ്ടത ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണെന്ന വിശ്വാസം പ്രബലപ്പെട്ടു. ഇഹലോക സുഖങ്ങൾ ദൈവത്തിന്റെ വരദാനമായി അംഗീകരിക്കപ്പെട്ടു. ഏതു മാർഗ്ഗത്തിലൂടെയും പണമുണ്ടാക്കുക എന്നത് ജീവിത ലക്ഷ്യമായി ദൈവമക്കൾ കണക്കാക്കാൻ തുടങ്ങി.

പെന്തക്കോസ്തിലെ പ്രമുഖ നേതാക്കളെല്ലാം വലിയ പണക്കാരായി കഴിഞ്ഞു. ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് വാങ്ങിയെടുക്കാൻ റ്റി.എസ്. ഏബ്രഹാമിന് കഴിഞ്ഞു. ഓതറയിൽ അദ്ദേഹം വാങ്ങിയ സ്ഥലത്തിന് അഞ്ചു കോടിയോളം രൂപ വില കൊടുത്തു.

മകനെ ഡോക്ടറാക്കാൻ വേണ്ടി 23 ലക്ഷം രൂപ കൊടുക്കാൻ കെ.സി. ജോണിന് ബുദ്ധിമുട്ടുണ്ടായില്ല. റ്റി.ജി. കോശി, റ്റി.പി. ഏബ്രഹാം തുടങ്ങിയ ശാരോൻ നേതാക്കന്മാരും വലിയ പണക്കാരാണ്. ദരിദ്രരായ പെന്തക്കോസ്ത് നേതാക്കന്മാർ ഇക്കാലത്ത് ഇല്ലെന്നു തന്നെ പറയാം.

എങ്ങനെയാണ് നേതാക്കന്മാർക്ക് ഈ പണമെല്ലാം ലഭിച്ചത്. ജോലി ചെയ്തോ, ബിസിനസ്സ് നടത്തിയോ ഉണ്ടാക്കിയതാണോ? എങ്കിൽ തെറ്റില്ല. പക്ഷേ ഇങ്ങനെ പണക്കാരനായ ഒരു നേതാവും പെന്തക്കോസ്തിൽ ഇല്ല. സുവിശേഷത്തിന്റെ പേരു പറഞ്ഞ് വിശ്വാസികളെ കബളിപ്പിച്ച് ഉണ്ടാക്കിയ പണം മാത്രമേ പെന്തക്കോസ്ത് നേതാക്കന്മാരുടെ കൈവശമുള്ളൂ. റ്റി.എസ്. ഏബ്രഹാമും, കെ.സി. ജോണും, റ്റി.ജി. കോശിയും കോടീശ്വരന്മാർ ആയത് ദൈവവേലയ്ക്ക് ലഭിച്ച പണം മോഷ്ടിച്ചാണ്. ഇവരെയൊക്കെ കൊച്ചുണ്ണിമാരെന്നു വിളിച്ചാൽ സാക്ഷാൽ കൊച്ചുണ്ണി മാനനഷ്ടത്തിന് കേസു കൊടുത്തെന്നു വരാം. എന്നിട്ടും ഈ ഭൂലോക കള്ളന്മാരെ ദൈവദാസന്മാരായി പരിഗണിച്ച് ചുമന്നുകൊണ്ടു നടക്കാൻ പെന്തക്കോസ്തുകാർ മത്സരിക്കുകയാണ്. ദൈവജനത്തിന് വകതിരിവില്ലാതായാൽ ഇതിലധികവും നടക്കും.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ
വിലാസം:
എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

"പണ്ടേ ദുർബല ഇപ്പോൾ ഗർഭിണിയും" എന്നു പറഞ്ഞതു പോലെയാണ് എ.കെ. ആന്റണിയുടെ സ്ഥിതി. പുളിയൻ മാങ്ങ കടിച്ചവന്റെ ഭാവമാണ് ആ തിരുമുഖത്ത് സദാ വിളയാടിയിരുന്നത്. ഇപ്പോൾ ആന്റണിയുടെ മുഖം കുറേ വീർക്കുക കൂടെ ചെയ്തിരിക്കുന്നു. പല്ലിന്റെ ശൗര്യം പണ്ടേപ്പോലെ ഡൽഹിയിൽ ഫലിക്കാതെ പോയതാണ് കാരണം. ഏതായാലും ഈ അവധിക്കാലത്ത് മറ്റു കോൺഗ്രസ്സ് പിള്ളേരൊക്കെ റാലി കളിച്ചു നടക്കുമ്പോൾ ഈ നല്ല പിള്ള മാത്രം അടങ്ങിയൊതുങ്ങി വീട്ടിലിരിക്കുകയാണ്. കൂട്ടിനൊരു പട്ടി പോലും ഇല്ലെന്നാണ് കേഴ്‌വി.

ശ്രീമാൻ എ.കെ. ആന്റണി ഇപ്പോൾ ഏതു ഗ്രൂപ്പിലാണ്? സ്വന്തം പേരിൽ അറിയപ്പെടുന്ന ആന്റണി ഗ്രൂപ്പിന്റെ ജീവാത്മാവും പരമാത്മാവും ആയിരുന്നു അടുത്ത കാലം വരെ ആന്റണി. പക്ഷേ, ആദർശം മൂത്ത് പ്രായോഗിക ബുദ്ധി നശിച്ചതോടെ ആന്റണിയെ സ്വന്ത ഗ്രൂപ്പുകാർ പോലും കൈവിട്ടിരിക്കയാണ്. ഇക്കണക്കിനു പോയാൽ ആന്റണി ഐ ഗ്രൂപ്പിൽ ചേർന്നെന്നും വരാം.

പാളയത്തിൽപട എന്നു കേട്ടിട്ടേ ഉള്ളൂ. പക്ഷേ, അത് ലീഡർജിയുടെ വീട്ടിൽ നിറവേറിയിരിക്കയാണ്. പ്രിയപുത്രിയാണ് ചന്ദ്രഹാസവുമായി ഇറങ്ങിയിരിക്കുന്നത്. താൻ കുടുംബ വാഴ്ച നടത്തുന്നു എന്ന ആരോപണത്തിന്റെ കഥയില്ലായ്മ ഇതിലൂടെ വെളിപ്പെടുകയാണ് എന്നൊക്കെ പറഞ്ഞ് തടിതപ്പാൻ ലീഡർ ശ്രമിക്കുന്നുണ്ടെങ്കിലും ഇത്തരമൊരു തിരിച്ചടി ഐഗ്രൂപ്പിന് താങ്ങാനാവുന്നതിലും അപ്പുറമാണെന്ന വസ്തുത അവശേഷിക്കുന്നു. എന്തുകൊണ്ട് പത്മജ ഇത്തരം ഒരു നിലപാടെടുത്തു? ഉത്തരം വ്യക്തം, ഐ ഗ്രൂപ്പിന്റെ നേതൃത്വം ഇപ്പോൾ മുരളിയുടെ കയ്യിലാണ്. പുതിയ പാർട്ടി ഉണ്ടാക്കുന്നതോടെ മുരളീധരൻ ചോദ്യം ചെയ്യപ്പെടാനാവാത്ത നേതാവായി മാറും. പത്മജ വട്ടപൂജ്യവും ആകും. ഇതൊക്കെ മുൻകൂട്ടി കാണാൻ പത്മജയ്ക്കും കഴിഞ്ഞിരിക്കുന്നു. അതാണ് ഈ ചുവടു മാറ്റത്തിന്റെ പിന്നിലെ രഹസ്യം.

കഴിഞ്ഞ ഏതാനും മാസങ്ങളായി ഐ ഗ്രൂപ്പ് അതിവേഗം വളർന്നുകൊണ്ടിരിക്കയാണ്. വളർന്ന് വളർന്ന് ഒരു പാർട്ടിയാകുകയുമാണ്. വളരെ നല്ലത് എന്നല്ലാതെ എന്തു പറയാൻ. പക്ഷേ, ഒരു ചെറിയ കുഴപ്പമുണ്ട് ഐ ഗ്രൂപ്പിന്റെ വളർച്ച പടവലങ്ങ പോലെ താഴേക്കാണ്.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഐ ഗ്രൂപ്പിൽ എത്ര എം.എൽ.എ.മാർ ഉണ്ടായിരുന്നുവെന്ന് നമുക്കറിയാം. പക്ഷേ, ഇപ്പോൾ ഐഗ്രൂപ്പിൽ എത്ര എം.എൽ.എ.മാർ ഉണ്ടെന്ന് പിതാവിനോ പുത്രനോ പോലും അറിഞ്ഞുകൂടാ. "വരും ഓരോ ദശ വന്ന പോലെ പോകും" എന്ന സ്ഥിതിയാണ് അവിടെ ഉള്ളത്.

ഐ ഗ്രൂപ്പിലിലെ ഒന്നാമൻ ലീഡർ തന്നെ. രണ്ടാമൻ മുരളീധരനും. പത്മജ രംഗത്തില്ലാത്തതുകൊണ്ട് മൂന്നാമൻ കുടുംബത്തിനു പുറത്തുള്ള ആരെങ്കിലും ആകാതെ തരമില്ല. ആരാണത്? എം.പി.ഗംഗാധരനാണോ? ആണെങ്കിലും അല്ലെങ്കിലും താനാണ് ഐ ഗ്രൂപ്പിന്റെ പ്രതീകം എന്ന നിലയിലാണ് മേല്പടിയാന്റെ ഭാവഹാവാദികൾ. ഐ ഗ്രൂപ്പ് നടത്തിയ റാലിയിൽ ലീഡറുടെ തൊട്ടടുത്ത സീറ്റിൽ സ്ഥാനം പിടിച്ചുകൊണ്ട് ഗംഗാധരൻ അത് തെളിയിക്കുകയും ചെയ്തു. പക്ഷേ, ഗംഗാധരന്റെ സ്വഭാവം അറിയാവുന്നതുകൊണ്ട് പറയട്ടെ: ശരിക്ക് കടിഞ്ഞാണിട്ട് സൂക്ഷിച്ചില്ലെങ്കിൽ ഈ മാന്യദേഹം ഐ ഗ്രൂപ്പിന്റെ അന്തകനാകും.

ഐ ഗ്രൂപ്പിനെ ഇടതു മുന്നണിയിൽ എടുക്കുമോ? അത്ര ചക്കീമല്ല, അത്ര കണ്ടനുമല്ല എന്ന നിലപാടാണ് ഇടതു നേതാക്കൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. അത് കോൺഗ്രസ്സിനെ തകർക്കാനുള്ള ഒരു അടവല്ലേ? ഐ ഗ്രൂപ്പിനെ ഒരു കാരണവശാലും ഇടതു മുന്നണിയിൽ എടുക്കുകയില്ല എന്നു പ്രഖ്യാപിച്ചാൽ കോൺഗ്രസ്സിൽ പിളർപ്പ് ഉണ്ടായില്ലെന്നു വരാം. മറിച്ച്, ഐ ഗ്രൂപ്പിനെ സ്വീകരിക്കും എന്ന് പ്രഖ്യാപിച്ചാൽ അത് പുലിവാലാകുകയും ചെയ്യും. ലീഡറും കൂട്ടരും വിലപേശലിൽ വിദഗ്ദ്ധരാണ്. ഇടതുമുന്നണിയിൽ തലയൊളിക്കാനുള്ള ഇടമെങ്കിലും കിട്ടിയാൽ അവർ ഏറെ താമസിയാതെ വിശ്വരൂപം കാണിക്കും. ഒട്ടകത്തിന് തലയൊളിക്കാൻ ഇടം കൊടുത്തതു പോലെയാകും കഥ.

ഉമ്മൻചാണ്ടി രാജി വെച്ച് മാറി നിൽക്കാൻ തയ്യാറാണെങ്കിൽ പാർട്ടിയുടെ ഐക്യം നിലനിർത്താൻ ഒന്നോ രണ്ടോ വർഷം പൊതുരംഗത്തു നിന്ന് വിട്ടുനിൽക്കാൻ തയ്യാറാണെന്ന് മുരളീധരൻ പ്രഖ്യാപിച്ചിരിക്കുന്നു. തന്റെ മുൻപിൽ നിരവധി വർഷങ്ങൾ ബാക്കിയുള്ളതുകൊണ്ട് ഒന്നോ രണ്ടോ വർഷം മാറി നിന്നാൽ വലിയ നഷ്ടമൊന്നും വരാനില്ലല്ലോ എന്നാണ് മുരളി പറയുന്നത്. തന്റെ മുൻപിൽ എത്രവർഷം ബാക്കിയുണ്ടെന്ന് മുരളി കൃത്യമായി പറഞ്ഞിട്ടില്ല. എങ്കിലും തന്റെ ആയുസ്സിന്റെ ശരിയായ കണക്ക് മുരളിയുടെ കൈവശം കാണും എന്ന് പ്രതീക്ഷിക്കാം.

ഇപ്പോൾ എത്ര ആർ.എസ്.പി.യുണ്ട്? കൃത്യമായ കണക്ക് ലഭ്യമല്ല. ശ്രീമാൻ ഷിബുവിന്റെ നേതൃത്വത്തിൽ പുതിയൊരെണ്ണം ഉണ്ടാകാനുള്ള സാധ്യത തള്ളിക്കളയാനുമാവില്ല.

ചില വർഷങ്ങൾക്കു മുൻപ് ചാരക്കേസ്സ് എന്നൊരു അത്യുഗ്രൻ കേസ്സുണ്ടായി. കുറെ കാലത്തേക്ക് പത്രമായ പത്രമെല്ലാം ചാരമയമായിരുന്നു. ഒടുവിൽ ഒരു കാര്യം വ്യക്തമായി - ചാരക്കേസ്സ് വെറും വ്യഭിചാരക്കേസ്സ് മാത്രമായിരുന്നു. ഇത്ര കോലാഹലമുണ്ടാക്കാനുള്ള കാര്യമെന്നും അതിൽ ഉണ്ടായിരുന്നില്ല. ഈ കഥ ഇപ്പോൾ പറയാൻ കാരണമുണ്ട്. ചോദ്യക്കടലാസ് ചോർച്ചക്കേസ്സിന്റെ ഗതിയും ഇതുതന്നെ ആകാനാണ് സാദ്ധ്യത.

രാജൻ ചാക്കോയും ഭാര്യയും ചേർന്ന് നടത്തിയ ക്രൂരകൃത്യമാണ് ചോദ്യ പേപ്പർ മോഷണം എന്ന നിലയിലാണ് ഇപ്പോൾ കാര്യങ്ങൾ പുരോഗമിക്കുന്നത്. പക്ഷേ, രാജൻ ചാക്കോയും ഭാര്യയും ചോർച്ചക്കേസ്സിൽ നിരപരാധികളാണെന്ന് ഏറെ താമസിയാതെ പോലീസ് തന്നെ പറയുന്ന ലക്ഷണം കാണുന്നുണ്ട്. ചാരക്കേസ്സിന്റെ മറ്റൊരു പതിപ്പായി ഈ കേസ്സും മാറാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

## നിങ്ങൾക്കും ഒരു ഓഫ്സെറ്റ് പ്രസ്സ് വാങ്ങാം

പ്രിന്റിംഗ് - പബ്ലീഷിംഗ് രംഗത്ത് താല്പര്യമുള്ള വ്യക്തിയാണോ നിങ്ങൾ? എങ്കിൽ നിങ്ങൾക്കും ഒരു പ്രസ്സ് വാങ്ങാം.

മിനി ഓഫ്സെറ്റ് മുതൽ ഫോർ-കളർ മെഷീനും വെബും വരെയുള്ള എല്ലാവിധ ഓഫ്സെറ്റ് പ്രസ്സുകളും വാങ്ങാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 94474 14608

# ഏട്ടിൽ അപ്പടി പയറ്റിലിപ്പടി

തൃശൂർ ജില്ലയിലുള്ള ഒരു സ്ഥലമാണ് പട്ടിക്കാട്. ചാക്കോച്ചൻ എന്നൊരു ഐ.പി.സി. പാസ്റ്റർ ഈ ദേശത്ത് ഉണ്ട്. ആ പ്രദേശത്തുള്ള ചില സെന്ററുകളിൽ നിന്നും കുറേ സഭകൾ അടർത്തിമാറ്റി ചാക്കോച്ചൻ ഒരു സെന്റർ ഉണ്ടാക്കുകയും അതിന്റെ സെന്റർ പാസ്റ്ററാവുകയും ചെയ്തിട്ടുമുണ്ട്. ഏതായാലും ഈ പ്രശ്നം കുറേക്കാലമായി തൃശൂരിൽ മാത്രമല്ല ഐ.പി.സി.യ്ക്കു തന്നെ തലവേദന ആയിരിക്കയാണ്. ചാക്കോച്ചൻ പ്രശ്നം പരിഹരിക്കാനായി സ്റ്റേറ്റ് കൗൺസിൽ ചില തീരുമാനങ്ങൾ ഒക്കെ അടുത്ത കാലത്ത് എടുക്കുകയുണ്ടായി. ചാക്കോച്ചനെ ഒരു വടക്കൻ സെന്ററിന്റെ പാസ്റ്ററാക്കുക എന്നതായിരുന്നു ആ പരിഹാരം. പക്ഷേ, ചാക്കോച്ചൻ വഴങ്ങിയില്ല. അയാൾ റ്റി.എസ്. ഏബ്രഹാമിനെ അഭയം ചൊല്ലി. സ്റ്റേറ്റ് കൗൺസിലിന്റെ കീഴിലുള്ള ഈ പ്രശ്നത്തിൽ ഇടപെടാൻ റ്റി.എസ്. ഏബ്രഹാമിന് അധികാരമില്ല. പക്ഷേ, സർവ്വ നിയമത്തിനും അധീനനാണല്ലോ സർവ്വശക്തനായ റ്റി.എസ്. ഏബ്രഹാം. അതു കൊണ്ട് ഈ ചങ്ങാതി പ്രശ്നം വളരെ എളുപ്പം പരിഹരിച്ചു. ഐ.പി.സി.യുടെ ജനറൽ കൗൺ സിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സെന്ററായി ചാക്കോച്ചന്റെ സെന്ററിനെ അംഗീകരിച്ചു. ശുഭം.

ശുഭം എന്ന് അത്രയെളുപ്പം പറയാമോയെന്ന് സംശയമാണ്. ഏപ്രിൽ 12ന് ഐ.പി.സി.യുടെ ജനറൽ കൗൺസിൽ എടുത്ത തീരുമാനത്തിന് നേർവിപരീതമാണ് റ്റി.എസ്. ഏബ്രഹാമിന്റെ നടപടി എന്നതുതന്നെ കാരണം. ഐ.പി.സി.യുടെ സഭകളെ സ്റ്റേറ്റ് അടിസ്ഥാനത്തിൽ വിഭജിക്കുക എന്നതായിരുന്നു ആ തീരുമാനം. അത് ഏട്ടിലെ പശുവായി അവശേഷിക്കുകയേ ഉള്ളൂവെന്ന് ഡിഫെൻഡർ എഴുതിയിരുന്നു. അതെഴുതിയ മഷി ഉണങ്ങുന്നതിനു മുൻപ് തന്നെ ഡിഫെൻഡറിന്റെ പ്രവചനം ഫലിച്ചു. ഐ.പി.സി.യുടെ ജനറൽ പ്രസിഡന്റു തന്നെ ചട്ടം ലംഘിച്ചു. സ്റ്റേറ്റ് കൗൺസിലിന്റെ അറിവും സമ്മതവും കൂടാതെ കേരളത്തിൽ ഒരു സെന്റർ ജനറൽ കൗൺസിൽ സൃഷ്ടിച്ചു. ഇതിനെതിരെ സ്റ്റേറ്റ് കൗൺസിൽ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. പക്ഷേ, അതുകൊണ്ടൊന്നും ഫലം ഉണ്ടാകാൻ പോകുന്നില്ല. കാരണവരായ റ്റി.എസ്. ഏബ്രഹാമിന് എന്തും ആകാമല്ലോ. ഏട്ടിൽ എന്തു കിടന്നാലും പട്ടിക്കാട്ടിൽ ഇപ്പടിയാകാം.

# നോവിക്കാതെ എഴുതണം: കെ.സി.ജോൺ

ആരേയും വേദനിപ്പിക്കാതെവേണം പെന്തക്കോസ്ത് എഴുത്തുകാർ എഴുതേണ്ടതെന്ന് കെ.സി. ജോൺ ഉപദേശിക്കുന്നു. കുവൈറ്റിലെ എഴുത്തുകാരോടാണ് കെ.സി. ജോൺ ഇങ്ങനെ പറഞ്ഞത്.

ചാനലിന് ഫണ്ടു പിരിക്കാനാണ് കെ.സി. ജോൺ കുവൈറ്റിൽ എത്തിയത്. ഒരിക്കലും പ്രവർത്തനം ആരംഭിക്കാൻ ഇടയില്ലാത്ത ചാനലിന്റെ പേരു പറഞ്ഞ് കുവൈറ്റിലെ സാധുക്കളെ കെ.സി. ജോൺ കബളിപ്പിക്കുകയും സാമാന്യം നല്ലൊരു തുക പിരിക്കുകയും ചെയ്തു. പിരിഞ്ഞു കിട്ടിയ തുകയുടെ ചെറിയൊരംശത്തിനു മാത്രമേ കണക്കുള്ളു എന്നത് പണം കൊടുത്തു വിഡ്ഢികളായവർ അറിയാത്ത രഹസ്യം.

പണപ്പിരിവിനിടയിൽ ലഭിച്ച അല്പ സമയമാണ് കുവൈറ്റിലെ എഴുത്തുകാരെ മര്യാദ പഠിപ്പിക്കാനായി കെ.സി. ജോൺ വിനിയോഗിച്ചത്. ആർക്കും ദു:ഖമുണ്ടാതെയും ആരേയും വേദനിപ്പിക്കാതെയും വേണം എഴുതാനത്രേ. വ്യഭിചാരവും തട്ടിപ്പും നിർത്തണമെന്ന് ഡിഫെൻഡർ കെ.സി. ജോണിനോട് ആവശ്യപ്പെട്ടത് അത്യുഗ്രൻ വേദനയുണ്ടാക്കിയതുമൂലമാണ്. ഇത്തരം ഒരു നിർദ്ദേശം കെ.സി. വെച്ചതെന്ന് ഊഹിക്കാം.

# കുട്ടപ്പൻ വീണ്ടും വെട്ടിലായി

ഊരാക്കുടുക്കുകൾ കുട്ടപ്പനെ വിടാതെ പിൻതുടരുകയാണ്. ശാരോൻ നേതാക്കന്മാർ കാട്ടിക്കൂട്ടുന്ന വിക്രിയകളിൽ പലതിന്റേയും ഫലം അനുഭവിക്കുന്നത്, പാവം കുട്ടപ്പനാണ്. ഇക്കണക്കിന് പോയാൽ കുട്ടപ്പൻ വട്ടപ്പനായെന്നു വരാം.

ആരാണീ കുട്ടപ്പൻ? ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ എറണാകുളം ഡിസ്ട്രിക്റ്റ് പാസ്റ്ററാണ് ഈ മാന്യദ്ദേഹം. ഒരു സഭ ചൊവ്വേനേരെ നടത്തിക്കൊണ്ടു പോകാൻ പോലും കഴിവില്ലാത്ത ഈ വിദ്വാൻ സെന്റർ പാസ്റ്ററായത് വിധിയുടെ വിളയാട്ടം കൊണ്ടാണ്. സഭകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ തീർക്കുക എന്നത് സെന്റർ പാസ്റ്റർമാരുടെ തൊഴിലിന്റെ ഭാഗമാണെങ്കിലും കുട്ടപ്പന് പ്രശ്നം തീർക്കാൻ അറിഞ്ഞുകൂടാ. അതുകൊണ്ട് എറണാകുളം സെന്ററിൽ ഉള്ള സഭകളിൽ പ്രശ്നം തീർക്കാൻ ഇദ്ദേഹം പോകാറുമില്ല.

പ്രശ്നങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞു നിൽക്കുന്ന ഈ ചങ്ങാതിയെ തേടി കഴിഞ്ഞ മാസം ഒരു പ്രശ്നം എത്തിച്ചേർന്നു. ആ വകയിൽ ഉണ്ടായ നാണക്കേട് കുറച്ചൊന്നുമല്ലാതാനും. സംഭവം ചുരുക്കിപ്പറയാം:

പാണംകുഴി സഭയെ ബലിയാടാക്കിക്കൊണ്ട് ശാരോൻ നേതാക്കന്മാർ കള്ള കാവിയറ്റ് എടുത്ത കഥ കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ വിവരിച്ചിരുന്നല്ലോ. പ്രശ്നം തീർക്കണമെന്ന് ആവശ്യപ്പെട്ട് പാണംകുഴി സഭ പലവട്ടം കേന്ദ്ര നേതൃത്വത്തിന് കത്തുകൊടുത്തെങ്കിലും ഫലം ഉണ്ടായില്ല. കുറേക്കാലം മിണ്ടാതിരുന്നാൽ ഈ പ്രശ്നം ആറിത്തണുത്ത് ഇല്ലാതെയാകും എന്നത്രേ സഭാ നേതൃത്വം കണക്കു കൂട്ടുന്നത്. പക്ഷേ, പാണംകുഴി സഭയിലെ വിശ്വാസികൾ വിട്ടു കൊടുക്കാൻ തയ്യാറല്ല. പ്രശ്ന പരിഹാരം ഉണ്ടാകുന്നതുവരെ പോരാടാനാണ് അവരുടെ തീരുമാനം.

ശാരോൻ നേതാക്കന്മാരുടെ ദുഷ്പ്രവൃത്തികളുടെ ഫലം ഈയിടെ കുട്ടപ്പൻ അനുഭവിക്കേണ്ടതായി വന്നു. സെന്റർ പാസ്റ്ററായ കുട്ടപ്പൻ ശുശ്രൂഷിക്കുന്ന തൈകൂടം സഭയിലെ സഭാ യോഗത്തിന് പാണംകുഴി സഭ യിലെ വിശ്വാസികൾ എത്തിയതാണ് പ്രശ്നത്തിന് വഴിവച്ചത്. പാണംകുഴി സഭയിലെ പ്രശ്നം പരിഹരിച്ചേ മതിയാകൂ എന്ന് അവർ പരസ്യമായി ആവശ്യപ്പെട്ടു. അങ്ങനെ പാണംകുഴി പ്രശ്നം തൈകൂടംകാർ അറിഞ്ഞു. കുട്ടപ്പന്റെ കഴിവികേടും അങ്ങനെ വെളിപ്പെട്ടു. എന്തിനേറെ പറയുന്നു. ശ്രീമാൻ കുട്ടപ്പൻ ശരിക്കും നാണംകെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ.

ഈ പ്രശ്നം എങ്ങനെ പരിഹരിക്കണമെന്നറിയാതെ കുഴയുകയാണ് കുട്ടപ്പൻ.

# ട്രാൻസ്ഫർ പ്രശ്നം പൊടിപൂരം

ഐ.പി.സി., ശാരോൻ, ചർച്ച് ഓഫ് ഗോഡ്, ഏജി തുടങ്ങിയ പെന്തക്കോസ്തു സഭകളിൽ എല്ലാം ട്രാൻസ്ഫർ പ്രശ്നം പൊല്ലാപ്പായിരിക്കയാണ്. തള്ളാനും കൊള്ളാനും വയ്യാതെ വിഷമിക്കയാണ് പെന്തക്കോസ്തു നേതാക്കന്മാർ. ചില സഭകൾക്ക് പാസ്റ്ററെ മാറ്റിയേ മതിയാകൂ. പക്ഷേ പാസ്റ്റർ മാറാൻ തയ്യാറല്ല. എന്തു ചെയ്യും. മറ്റു ചില സഭകൾക്ക് പുതിയ പാസ്റ്ററെ വേണ്ടേ വേണ്ടാ. ചില പാസ്റ്ററുമാർക്ക് ട്രാൻസ്ഫർ ഓർഡറിൽ ഉള്ള സഭയിലേക്ക് പോകാൻ മനസ്സില്ല.

സെന്ററുകൾ തമ്മിൽ പാസ്റ്ററുമാരെ വെച്ചു മാറാറുണ്ട്. അത്തരം മാറ്റങ്ങളും ഇത്തവണ പ്രശ്നമായിരിക്കയാണ്. ചില സെന്ററുകളിൽ പാസ്റ്ററുമാർ അധികമാണ്. കുറെ പാസ്റ്ററുമാരെ ഏറ്റെടുക്കാൻ ഒരു സെന്ററും തയ്യാറല്ല.

നല്ല വരുമാനമുള്ള സഭകൾ ലഭിക്കാനായി പാസ്റ്ററുമാർ നെട്ടോട്ടം ഓടുകയാണ്. അതിനായി സെന്റർ പാസ്റ്റർക്ക് സ്തുതി പാടാനും ആവശ്യമെങ്കിൽ കൈക്കൂലി കൊടുക്കാനും ചില പാസ്റ്ററുമാർ തയ്യാറാണ്. കൈക്കൂലി ചോദിച്ചു വാങ്ങുന്ന സെന്റർ പാസ്റ്ററുമാരും ഉണ്ട്. അടവുകൾ പതിനെട്ടും പയറ്റിയിട്ടും നല്ല സഭ കിട്ടാത്ത പാസ്റ്ററുമാർ നിരാശയിലുമാണ്.

കുട്ടികളുടെ വിദ്യാഭ്യാസമാണ് മിക്ക പാസ്റ്ററുമാരെ അലട്ടുന്ന പ്രശ്നം. പുതിയ സ്ഥലത്ത് അനുയോജ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായില്ലെന്നു വരാം. ഉണ്ടെങ്കിൽ തന്നെ അഡ്മിഷൻ ലഭിക്കുമെന്ന് ഉറപ്പിച്ചു പറയാനുമാവില്ല. മെയ് പകുതിയാകുന്നതോടെ ട്രാൻസ്ഫർ പ്രശ്നം പരിഹരിക്കപ്പെടുമെന്ന പ്രതീക്ഷയിലാണ് ശുശ്രൂഷകന്മാരും വിശ്വാസികളും.

# വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ

(ഒന്നാം പേജിൽ നിന്ന് ............)

ഹാരമാണ് 8,9,10 എന്നീ സി.ഡി.കളിൽ ഉണ്ടാകുക. കയിന്റെ ഭാര്യ, ഉല്പത്തി 6-ലെ ദൈവ പുത്രന്മാർ, മൽകിസെദേക്ക് തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. ഈ മൂന്നു സി.ഡി.കളിലൂടെ മറുപടി ലഭിക്കേണ്ട ചോദ്യങ്ങൾ വായനക്കാർക്ക് എഴുതി അയച്ചു തരാവുന്നതാണ്.

ഒരു സി.ഡി.യ്ക്ക് 100 രൂപ എന്ന നിരക്കിൽ ആണ് വില നിശ്ചയിച്ചിട്ടുള്ളത്. പോസ്റ്റേജ് ഉൾപ്പെടെയുള്ള വിലയാണിത്. പത്തു സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന് 1000 രൂപ വിലയാകും. എന്നാൽ ഇപ്പോൾ ബുക്കുചെയ്യുന്നവർക്ക് ഈ സി.ഡി.കൾ 750 രൂപയ്ക്ക് ലഭിക്കുന്നതാണ്. നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം, 750 രൂപ M.O. ആയി ഡിഫെൻഡർ ഓഫീസിലേയ്ക്ക് അയച്ചുതരിക. ചെക്കോ, ഡി.ഡി. യോ അയക്കുന്നവർ റ്റി.എസ്. ബാലൻ എന്ന പേരിൽ ചെക്ക്/ഡി.ഡി. എടുക്കുക. മാസത്തിൽ ഒരു സി.ഡി. എന്ന ക്രമത്തിൽ പുറത്തിറക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ആദ്യ സി.ഡി. ജൂൺ മാസത്തിൽ തയ്യാറാകും. ഇപ്പോൾ 750 രൂപ മുടക്കി ബുക്കു ചെയ്യുന്നവർക്ക് ജൂൺ മാസം മുതൽ മാസത്തിൽ ഒരു സി.ഡി. എന്ന ക്രമത്തിൽ അയച്ചുതരുന്നതാണ്.

# രോഗത്തെ അറിയുക

## ചെവിക്കുള്ളിലെ രോഗാണുബാധ



ഡോ. കെ. മോഹൻ കുമാർ, പെരുമ്പാവൂർ.

വിട്ടുമാറാത്ത ജലദോഷം, കഫക്കെട്ട്, ചെവി, മൂക്ക്, തൊണ്ട എന്നിവയുമായി ബന്ധപ്പെട്ട രോഗങ്ങൾ, അലർജികൾ തുടങ്ങിയവയാണ് പ്രധാനമായും മദ്ധ്യകർണ്ണത്തിലെ രോഗാണുബാധയ്ക്ക് പ്രധാന കാരണങ്ങൾ. ചെവി വേദന, കേൾവിയിലെ വ്യത്യാസം എന്നിവയെല്ലാം ഇതിന്റെ ലക്ഷണങ്ങളാണ്. ശക്തമായ രോഗാണുബാധയുണ്ടായാൽ ചെവിയിൽ നിന്നും പഴുപ്പും, ദ്രവവും പുറത്തേക്കു വരുവാൻ തുടങ്ങും. ഇങ്ങനെയുള്ള അവസരങ്ങളിൽ മദ്ധ്യകർണ്ണത്തിലെ പഴുപ്പ് കെട്ടിക്കിടക്കാതെ, മരുന്നുകൾ മുഖേനയോ, ചെറിയ ശസ്ത്രക്രിയ വഴിയോ നീക്കം ചെയ്യേണ്ടതായ ആവശ്യമുണ്ട്. അല്ലെങ്കിൽ രോഗാണുബാധ ചെവിക്കുള്ളിലേക്ക് കൂടുതൽ വ്യാപിക്കുകയും ഒരു പക്ഷേ തലച്ചോറിന്റെ ബാഹ്യചർമ്മത്തെവരെ ബാധിക്കാൻ ഇടയുള്ളതുമാണ്.

മദ്ധ്യകർണ്ണത്തിന്റെ രോഗാണുബാധ ശരിയായ രീതിയിൽ ചികിത്സിക്കാത്ത പക്ഷം കേൾവിക്കുറവ്, തല കറക്കം, മനംപുരട്ടൽ തുടങ്ങി ഓരോരോ രോഗങ്ങളിലേക്ക് വഴിമാറും. ആയതിനാൽ മണിക്കൂറുകൾക്കുള്ളിൽ ശമിക്കാത്ത തരം തീവ്രമായ ചെവിവേദന വരികയാണെങ്കിൽ പഴയകാലത്ത് ചെയ്യുന്നപോലെ കയ്യിൽ കിട്ടിയ എണ്ണ ചൂടാക്കി ഒഴിക്കാതെ, ഉടനടി ചെവിയുടെ ചികിത്സയിൽ വൈദഗ്ധ്യമുള്ള ഒരു ഡോക്ടറെ കാണേണ്ടത് അത്യാവശ്യമാണ്. മദ്ധ്യകർണ്ണത്തിന്റെ വിട്ടുമാറാത്ത പഴുപ്പ്, ദ്രവം വരവ്, കേൾവിക്കുറവ്, ചെവിപ്പാടയിലുണ്ടാകുന്ന സുഷിരങ്ങൾ, ചെവിയിൽ അനുഭവപ്പെടുന്ന വിവിധതരം ശബ്ദങ്ങൾ തുടങ്ങി ചെവിയിലെ നിരവധി രോഗങ്ങൾക്ക് നൂറു ശതമാനം ഫലപ്രദമായ മരുന്നുകൾ ഹോമിയോ വൈദ്യശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. ഡോക്ടറുടെ നിർദ്ദേശപ്രകാരം മുടങ്ങാതെ കുറച്ചുനാൾ മരുന്നുപയോഗിച്ചവരിൽ രോഗങ്ങൾ പൂർണ്ണമായി മാറുന്നതാണ്.

# ദൈവമക്കൾ സഹകരിക്കണം

സി.ഡി.കൾ തയ്യാറാക്കാൻ വലിയ പണച്ചെലവുണ്ടാകും. 120 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സാണ് ഉദ്ദേശിക്കുന്നത്. റിക്കാഡ് ചെയ്യുക, എഡിറ്റ് ചെയ്യുക തുടങ്ങിയ ജോലികളും പണച്ചെലവുള്ളതുതന്നെ. സ്വന്തമെന്ന് പറയാൻ ഏറെയൊന്നുമില്ലാത്ത എനിക്ക് ഈ ചെലവുകൾ താങ്ങാനാവുന്നതല്ല. അതുകൊണ്ട് സുവിശേഷ സ്നേഹികളായ ദൈവമക്കളുടെ സഹായം ഞാൻ അഭ്യർത്ഥിക്കുന്നു. ഈ സംരംഭത്തിൽ എന്നോടു സഹകരിക്കാൻ ആഗ്രഹിക്കുന്നവർ ദയവായി കത്തി ലൂടെയോ **94474 14608** എന്ന നമ്പറിലോ ബന്ധപ്പെടുക.

# പൗരോഹിത്യം പെന്തക്കോസ്തിലും?

നാമധേയ പൗരോഹിത്യത്തെ പെന്തക്കോസ്ത് സഭകൾ അംഗീകരിക്കുന്നില്ല എന്നാണ് വെയ്പ്. സമുദായങ്ങളിലെ പുരോഹിതന്മാരെ പരിഹസിക്കുന്നത് പെന്തക്കോസ്തുകാരുടെ ഒരു സ്ഥിരം പരിപാടിയുമാണ്. എന്നാൽ പെന്തക്കോസ്ത് സഭകളിലും പൗരോഹിത്യം നിലവിൽ വന്നു കഴിഞ്ഞു എന്നത് ഒരു വസ്തുതയാണ്.

പട്ടത്വ സഭകളിൽ വിശ്വാസികൾ, പുരോഹിതന്മാർ എന്നിങ്ങനെയുള്ള തരം തിരിവ് ഉണ്ട്. അഹരോന്യ പൗരോഹിത്യത്തിന്റെ ചുവടുപിടിച്ചാണ് പട്ടത്വ സഭകൾ പൗരോഹിത്യം സ്ഥാപിച്ചെടുക്കുന്നത്. അഹരോന്യ പൗരോഹിത്യം സ്നാപക യോഹന്നാനിലൂടെ യേശുവിന് ലഭിച്ചെന്നും യേശു അത് തന്റെ ശിഷ്യന്മാർക്ക് നൽകിയെന്നും പട്ടത്വ സഭകൾ പഠിപ്പിക്കുന്നു. എന്നാൽ പാഗൺ മതം സഭയിൽ സ്വാധീനം ചെലുത്തിയതിന്റെ ഫലമായാണ് ഇന്നു കാണുന്ന വിധത്തിലുള്ള പൗരോഹിത്യം ക്രിസ്തു മതത്തിൽ ഉണ്ടായതെന്ന് ചരിത്രം പഠിച്ചാൽ മനസിലാക്കാം.

രക്ഷിക്കപ്പെട്ടവരെല്ലാം പുരോഹിതന്മാർ ആണെന്ന് ദൈവ വചനം വ്യക്തമാക്കുന്നു. മൽക്കിസെദെക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യമാണിത്. ഇതല്ലാതെ മറ്റൊരു വിധത്തിലുള്ള പൗരോഹിത്യവും ദൈവസഭയിൽ ഇല്ല.

അപ്പോസ്തോലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അധ്യാപകൻ എന്നിങ്ങനെ അഞ്ചുവിധത്തിലുള്ള ശുശ്രൂഷകന്മാരെപ്പറ്റി ദൈവ വചനം പറയുന്നുണ്ട്. എഫെസ്യ ലേഖനം 4:11,12 നാമുപയോഗിക്കുന്ന ബൈബിളിൽ ശരിക്കല്ല തർജ്ജമ ചെയ്തിരിക്കുന്നത്. അതുകൊണ്ട് മറ്റേതെങ്കിലും തർജ്ജമ വായിക്കുക. മേൽപ്പറഞ്ഞ ശുശ്രൂഷകന്മാരുടെ ദൗത്യം എന്തെന്ന് പന്ത്രണ്ടാം വാക്യത്തിൽ വ്യക്തമായി പറയുന്നുണ്ട്. ദൈവം ഏൽപ്പിച്ചിരിക്കുന്ന ശുശ്രൂഷ ചെയ്യാൻ വിശ്വാസികളെ പരിശീലിപ്പിക്കുക എന്നതാണ് ഈ ശുശ്രൂഷകന്മാരുടെ കർത്തവ്യം. ശുശ്രൂഷ ചെയ്യേണ്ടത് വിശ്വാസികൾ ആണ്. പക്ഷേ, ഇന്നത്തെ സ്ഥിതി അതല്ല. അപ്പോസ്തോലൻ മുതൽ അധ്യാപകൻ വരെയുള്ളവർ ശുശ്രൂഷ ചെയ്യും, വിശ്വാസികൾ വെറുതേയിരിക്കും.

ഓരോ പ്രാദേശിക സഭയിലും നിരവധി ശുശ്രൂഷകന്മാരും ശുശ്രൂഷകാരത്തികളും ഉണ്ടായിരിക്കുമെന്ന് 1 തിമോഥെയോസ് മൂന്നാം അദ്ധ്യായം വ്യക്തമാക്കുന്നു. ഈ ശുശ്രൂഷകന്മാരുടെ അധ്യക്ഷനാണ് പാസ്റ്റർ അഥവാ ബിഷപ്പ്. പക്ഷേ, ഇത്തരം ഒരു സമ്പ്രദായവും പെന്തക്കോസ്ത് സഭകളിൽ നടപ്പിലില്ല.

പെന്തക്കോസ്ത് വിശ്വാസികളിൽ ഭൂരിപക്ഷവും ഇതര ക്രൈസ്തവ വിഭാഗങ്ങളിൽ നിന്ന് പെന്തക്കോസ്ത് വിശ്വാസത്തിൽ എത്തിയവരാണ്. അതുകൊണ്ടാണ് സമുദായങ്ങളിലെ പൗരോഹിത്യം മറ്റൊരു വേഷത്തിൽ പെന്തക്കോസ്തിൽ നിലനിൽ ക്കുന്നത്. ഇതിന് ദൈവ വചനത്തിൽ ആധാരമില്ല.

പെന്തക്കോസ്തിൽ വിവിധതരം പുരോഹിതന്മാർ നിലവിൽ ഉണ്ട്. ബൈബിൾ കോളേജുകളിൽ നിന്നും പഠിച്ചിറങ്ങുന്നവർ ആദ്യത്തെ ചില വർഷങ്ങൾ സുവിശേഷകർ ആയാണ് അറിയപ്പെടുക. സ്നാനം, തിരുവത്താഴം, വിവാഹം, ശവമടക്ക് തുടങ്ങിയതൊന്നും നടത്താൻ ഇവർക്ക് അധികാരമില്ല. അഞ്ചോ, പത്തോ വർഷം ഇങ്ങനെ സുവിശേഷകരായി ശുശ്രൂഷ ചെയ്തശേഷം ഇവർക്ക് ഓർഡിനേഷൻ ലഭിക്കും. അതിനു ശേഷം മേൽപ്പറഞ്ഞ ശുശ്രൂഷകൾ ചെയ്യാം. ഓർഡിനേഷൻ ലഭിക്കുന്നതോടെ ഇവർക്ക് പാസ്റ്റർമാരായി സ്ഥാനകയറ്റം ലഭിക്കുന്നു.

സ്നാനവും, തിരുവത്താഴവും നടത്താൻ ഓർഡിനേഷൻ വേണമെന്ന് ഏതു വാക്യത്തിലാണുള്ളതെന്ന് അറിഞ്ഞു കൂടാ. വിവാഹവും, ശവമടക്കും ശുശ്രൂഷകന്മാർ നടത്തിയതായി തിരുവചനത്തിൽ രേഖയുമില്ല. പെന്തക്കോസ്ത് സഭകളിൽ നിലനിൽക്കുന്ന ഓർഡിനേഷൻ സമ്പ്രദായത്തിന് തിരുവചനത്തിൽ ആധാരമില്ലെന്ന് പറയാതെ വയ്യ. പാസ്റ്റർ എപ്പോഴാണ് 'റവ'യാകുന്നത് എന്നത് ഒരു മർമ്മം ആണെന്ന് പരേതനായ ജോർജ്ജ് കാരോട്ട് ഒരു ലേഖനത്തിൽ എഴുതിയതായി ഓർക്കുന്നു. ഇപ്പോഴും ഇത് ഒരു മർമ്മമായി തന്നെ അവശേഷിക്കുന്നു. പാസ്റ്റർമാരുടെ എണ്ണം അനുദിനം കുറഞ്ഞു വരികയാണ്. അതിനനുസരിച്ച് റവറന്റുമാരുടെ എണ്ണം കൂടുകയും ചെയ്യുന്നു.

സിംഹവാലൻ കുരങ്ങിനെപ്പോലെ ഉപദേശിമാർക്ക് പെന്തക്കോസ്തിൽ വംശനാശം വന്നുകൊണ്ടിരിക്കയാണ്. അടുത്ത കാലത്തൊന്നും പുതിയ ഉപദേശിമാർ ഉണ്ടായതായി അറിവില്ല. പണ്ടുണ്ടായിരുന്നവർ തന്നെ ഇപ്പോൾ പാസ്റ്റർമാരും, റവറന്റുമാരും ആയിക്കൊണ്ടുമിരിക്കുന്നു. അഞ്ചോ, പത്തോ വർഷം കൂടി കഴിയുമ്പോൾ ഉപദേശി എന്ന അത്ഭുത ജീവിയെ പെന്തക്കോസ്തിലെങ്ങും കണ്ടെത്താനാവില്ല.

എല്ലാ പാസ്റ്റർമാരും ബിഷപ്പുമാരാണെങ്കിലും പെന്തക്കോസ്തുകാർ പാസ്റ്ററെ ബിഷപ്പ് എന്നു വിളിക്കുന്ന പതിവില്ല. പക്ഷേ, പട്ടത്വസഭകളിലേതു പോലെയുള്ള ബിഷപ്പുമാർ ചില പെന്തക്കോസ്ത് സഭകളിൽ നിലവിൽ വന്നു കഴിഞ്ഞു. ചർച്ച് ഓഫ് ഗോഡിലെ ഓവർസിയർ ബിഷപ്പാണ്. കുന്നുമേൽ അച്ചനും സംഘവും കുറേ ബിഷപ്പുമാരെ വാഴിച്ചിട്ടുണ്ട്. പെന്തക്കോസ്ത് സഭയാണെന്ന് പറയാനാകുകയില്ലെങ്കിലും ബിലിവേഴ്സ് ചർച്ചിലും ബിഷപ്പുമാർ ഉണ്ട്. കെ.പി. യോഹന്നാനാണ് ആർച്ച് ബിഷപ്പ്. പി.ജി. വർഗ്ഗീസും ആർച്ച് ബിഷപ്പാണെന്ന് കേൾക്കുന്നു. റവറന്റുമാരുടെ ഷർട്ടിന് വലിപ്പം കൂടി വരികയാണ്. ചിലരുടെയൊക്കെ കുപ്പായത്തിന് മുട്ടോളം ഇറക്കം ആയിക്കഴിഞ്ഞു. ഒറ്റനോട്ടത്തിൽ പള്ളീലച്ചൻ ആണെന്നു തോന്നും. ആസന്ന ഭാവിയിൽ സാക്ഷാൽ കുപ്പായവും അരക്കെട്ടും പെന്തക്കോസ്തിൽ എത്തും.

പെന്തക്കോസ്ത് സഭകൾ ആത്മീയമായി അധഃപതിച്ചു കൊണ്ടിരിക്കുകയാണ്. ദൈവ വചനത്തിന്റെ പരിധിക്കുള്ളിൽ ഒതുങ്ങി നിൽക്കാൻ പെന്തക്കോസ്തുകാർക്ക് മനസ്സില്ല. ക്രിസ്തുവിനുവേണ്ടി കഷ്ടങ്ങളും നഷ്ടങ്ങളും സഹിക്കാൻ അവർ തയ്യാറുമല്ല. നാഥന് മുൾമുടി നൽകിയ ഈ ലോകം തരുന്ന മാനം വേണ്ടെന്ന് പണ്ടു പറഞ്ഞിരുന്നവർ അബദ്ധത്തിൽ പോലും ആ പാട്ട് ഇപ്പോൾ പാടാറില്ല. ഈ ലോകം നൽകുന്ന എല്ലാ സ്ഥാനമാനങ്ങളും സ്വീകരിച്ച് സസുഖം കഴിയുക എന്നതാൽ കവിഞ്ഞ ഒരു ലക്ഷ്യവും പെന്തക്കോസ്തർക്ക് ഇല്ലാതായിരിക്കുന്നു. മഹാ കഷ്ടമെന്നല്ലാതെ എന്തു പറയാൻ.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** മാർപ്പാപ്പ ദൈവദാസനാണെന്ന് ധ്വനിപ്പിക്കുന്ന വിധത്തിൽ ചില പെന്തക്കോസ്തു പത്രങ്ങൾ ഈയിടെ എഴുതുകയുണ്ടായി. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണ് പറയാനുള്ളത് എന്ന് അറിയാൻ ആഗ്രഹിക്കുന്നു.

■ കൺവെൻഷൻ സീസൺ അവസാനിക്കുന്നതോടെ പെന്തക്കോസ്തു പത്രങ്ങൾക്ക് വാർത്താദാരിദ്ര്യം ഉണ്ടാകുക പതിവാണ്. കൺവെൻഷന് ഒരുക്കങ്ങൾ ആരംഭിച്ചു, കമ്മിറ്റികളെ തെരഞ്ഞെടുത്തു, പന്തലിന്റെ കാലുനട്ട് കർമ്മം നടത്തി, കൺവെൻഷൻ ആരംഭിച്ചു, കൺവെൻഷൻ സമാപിച്ചു എന്നിങ്ങനെയുള്ള വാർത്തകൾ പ്രധാന കൺവെൻഷനുകളെക്കുറിച്ചെല്ലാം പെന്തക്കോസ്തു പത്രങ്ങളിൽ വരാറുണ്ട്. പക്ഷേ കൺവെൻഷൻ സീസൺ കഴിയുന്നതോടെ നേതാക്കന്മാർ എല്ലാം അക്കരെ എത്തും. അടുത്ത ആറുമാസം കേരളത്തിലെ പെന്തക്കോസ്തിൽ കാര്യമായ സംഭവങ്ങൾ ഒന്നും ഉണ്ടാകുക പതിവില്ല. അതുകൊണ്ട് പ്രധാന വാർത്തകൾ ഒന്നും കിട്ടാനും ഇടയില്ല. ഇത്തരം സന്ദർഭങ്ങളിൽ എന്തെങ്കിലും ചപ്പുചവറുകൾ കുത്തിനിറച്ച് പത്രം ഇറക്കും. മാർപാപ്പയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നിടം വരെ ചില പെന്തക്കോസ്തു പത്രങ്ങൾ തരംതാണത് ഇതു മൂലമാണ്.

നൂറു കോടിയിലധികം വരുന്ന കത്തോലിക്കരുടെ തലവൻ ആയിരുന്ന മാർപാപ്പയുടെ മരണം വാർത്താപ്രാധാന്യമുള്ള വിഷയമാണെന്നതിന് സംശയ മില്ല. പക്ഷേ ആഴ്ചയിൽ ഒരി ക്കലോ രണ്ടാഴ്ചയിൽ ഒരിക്കലോ മാത്രം ഇറങ്ങുന്ന പെന്തക്കോസ്തു പത്രങ്ങളിൽ മാർപാപ്പയുടെ മരണം വാർത്തയായി കൊടുക്കാൻ പറ്റില്ലല്ലോ. അതുകൊണ്ട് മാർപാപ്പയുമായി ബന്ധപ്പെട്ട ലേഖനം പ്രസിദ്ധീകരിക്കുകയേ മാർഗ്ഗമുള്ളു.

പെന്തക്കോസ്തു വിശ്വാസപ്രമാണങ്ങളുടെ ചട്ടക്കൂടിനുള്ളിൽ ഒതുങ്ങി നിന്നുകൊണ്ട് മാർപാപ്പയെക്കുറിച്ച് എന്തൊക്കെ എഴുതാം? കത്തോലിക്കസഭയുടെ ചരിത്രം, മാർപ്പാപ്പമാരുടെ ചരിത്രം തുടങ്ങിയതൊക്കെ എഴുതാം. മാർപ്പാപ്പ പത്രോസിന്റെ പിൻഗാമിയാണെന്ന ചരിത്രം തെറ്റാണെന്ന് തിരുവചന വെളിച്ചത്തിൽ തെളിയിക്കാം. അങ്ങനെ എഴുതാൻ ഒട്ടേറെ കാര്യങ്ങൾ ഉണ്ട്. പക്ഷേ, മാർപാപ്പ ദൈവദാസനാണെന്നോ കത്തോലിക്കസഭ ദൈവസഭയാണെന്നോ അർത്ഥം വരുന്ന വിധത്തിൽ എഴുതാൻ രക്ഷിക്കപ്പെട്ടവർക്ക് കഴിയുന്നതല്ല.

പത്രപ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ പോലും അറിയാത്തവരാണ് പെന്തക്കോസ്തു പത്രപ്രവർത്തകരിൽ ഭൂരിപക്ഷവും എന്നത് ഒരു വസ്തുതയാണ്. ഇതോടൊപ്പം ദൈവവചനത്തിലുള്ള പാപ്പരത്തവും കൂടി ആകുമ്പോൾ എല്ലാം തികഞ്ഞു. പെന്തക്കോസ്തു പത്രങ്ങൾ ഇന്നത്തെ സ്ഥിതിയിൽ ആകാൻ കാരണമെന്തെന്ന് ഇനി വിശേഷിച്ച് പറയേണ്ടതില്ലല്ലോ.

പത്രോസിന്റെ പിൻഗാമിയാണ് മാർപാപ്പയെന്നത്രേ കത്തോലിക്കരുടെ വിശ്വാസം. പത്രോസാകുന്ന പാറമേൽ ആണ് ദൈവസഭ പണിയപ്പെട്ടിരിക്കുന്നതെന്നും കത്തോലിക്ക സഭ വിശ്വസിക്കുന്നു. മാത്രമല്ല സ്വർഗ്ഗത്തിന്റെ താക്കോൽ കർത്താവ് പത്രോസിനെ ഏൽപ്പിച്ചിരിക്കയാൽ പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയെ അംഗീകരിക്കാത്ത ആരും സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ലെന്നു കത്തോലിക്കർ വിശ്വസിക്കുന്നു. പക്ഷേ സ്വർഗ്ഗത്തിൻ താക്കോൽ വഹിച്ചിരുന്ന ജോൺ പോൾ രണ്ടാമന് ആത്മശാന്തി ലഭിക്കാൻ ലോകമെമ്പാടുമുള്ള കത്തോലിക്കർ ഇപ്പോഴും പ്രാർത്ഥിച്ചു കൊണ്ടിരിക്കയാണ്. സ്വയം സ്വർഗ്ഗത്തിൽ കയറാൻ കഴിവില്ലാത്ത മാർപാപ്പ എങ്ങനെയാണാവോ മറ്റുള്ളവരെ സ്വർഗ്ഗത്തിൽ കയറ്റുന്നത്.

മാർപാപ്പ പത്രോസിന്റെ പിൻഗാമിയാണെന്ന വാദത്തിൽ കഴമ്പില്ല. പത്രോസിനോ മറ്റുള്ള അപ്പോസ്തലന്മാർക്കോ പിൻഗാമികൾ ഉണ്ടാകുമെന്ന് തിരുവചനം പറയുന്നുമില്ല. പത്രോസ് പാറയല്ല കല്ലാണ്. ക്രിസ്തുവാകുന്ന പാറമേൽ പത്രോസ് ഉൾപ്പെടെയുള്ള വിശ്വാസികൾ ആകുന്ന കല്ലുകൾ ചേർത്തുവെച്ച് പണിയപ്പെടുന്ന കെട്ടിടമാണ് ദൈവസഭ. സഭ എന്നത് രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ്. അവർക്ക് നിത്യജീവൻ ലഭിക്കാൻ പത്രോസിന്റെ സഹായം ആവശ്യവുമില്ല.

പത്രോസിന്റെ കൈവശം കർത്താവ് കൊടുത്തത് സ്വർഗ്ഗത്തിന്റെ താക്കോലല്ല മറിച്ച് സ്വർഗ്ഗരാജ്യത്തിന്റെ അതായത് ദൈവരാജ്യത്തിന്റെ താക്കോലാണ്. നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ ഉള്ള സന്തോഷവുമാണ്. ആത്മീയ ദൈവരാജ്യം അതിലേക്ക് യഹൂദന്മാരേയും ശമര്യക്കാരേയും ജാതികളേയും പ്രവേശിപ്പിക്കാനായി വാതിൽ തുറക്കുവാൻ കർത്താവ് പത്രോസിനെ ഉപയോഗിക്കുകയും ചെയ്തു. മാർപാപ്പയുടെ മരണത്തോടുള്ള ബന്ധത്തിൽ ലേഖനമെഴുതിയ പെന്തക്കോസ്തു പത്രങ്ങൾക്ക് ഇതൊക്കെ വിശദമാക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കാമായിരുന്നു. പക്ഷേ അതിന് അവർക്ക് കഴിഞ്ഞില്ല. അതിനുള്ള വിവരം പത്രാധിപന്മാർക്കോ എഴുത്തുകാർക്കോ ഇല്ലാതെ പോയി.

കപട പണ്ഡിതന്മാരെക്കൊണ്ട് പെന്തക്കോസ്തു സമൂഹം നിറഞ്ഞിരിക്കയാണ്. എല്ലാം അറിയാമെന്ന ഭാവത്തിലാണ് പെന്തക്കോസ്തുകാരുടെ നടപ്പ്. പക്ഷേ ഒരു വിഷയവും ആഴത്തിൽ പഠിക്കാൻ അവർ തയ്യാറാകുന്നുമില്ല.

പെന്തക്കോസ്തിലെ ആദ്യകാല നേതാക്കന്മാർക്ക് ആഴത്തിൽ പഠിക്കാൻ ആഗ്രഹമുണ്ടായിരുന്നു. അക്കാലത്തെ പരിമിതികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് അവർ വചനം പഠിക്കുകയും ചെയ്തു. പക്ഷേ ഇന്നത്തെ സ്ഥിതി പരമ ദയനീയമാണ്. ആഴമായ പഠനങ്ങൾ ഒന്നും നടക്കുന്നില്ല. അതുകൊണ്ട് നന്മയും തിന്മയും തിരിച്ചറിയാൻ കഴിയുന്നുമില്ല.

മാർപാപ്പയുടെ മരണത്തിനും പുതിയ മാർപാപ്പയുടെ തെരഞ്ഞെടുപ്പിനും വാർത്താപ്രാധാന്യം ഉള്ളതുകൊണ്ട് അതേപ്പറ്റി പെന്തക്കോസ്തു പത്രങ്ങളിൽ എഴുതുന്നതിൽ തെറ്റില്ല. പക്ഷേ എന്തെഴുതുന്നു എന്നുള്ളത് പ്രാധാന്യമുള്ള വിഷയമാണ്. മാർപാപ്പയെ ദൈവദാസനായി ചിത്രീകരിക്കാൻ ശ്രമിക്കരുത്. ദൈവവുമായി കത്തോലിക്ക സഭയ്ക്കോ മാർപാപ്പയ്ക്കോ ഒരു ബന്ധവും ഇല്ല. കത്തോലിക്ക സഭാ പ്രമാണങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് ആർക്കും രക്ഷപ്പെടാനുമാവില്ല. ഈ വസ്തുതകൾ വായനക്കാരനെ അറിയിക്കാനുള്ള ബാധ്യത പെന്തക്കോസ്തു പത്രങ്ങൾക്ക് ഉണ്ട്.

## നിയമവിജ്ഞാനം

# പോലീസുദ്യോഗസ്ഥൻമാരുടെ അധികാരങ്ങൾ

പോലീസുദ്യോഗസ്ഥൻമാർക്ക്, അവരുടെ കർത്തവ്യനിർവഹണത്തിലേക്കായി മതിയായ അധികാരങ്ങൾ ഇന്ത്യൻ പോലീസ് ആക്ടിലും, കേരളാ പോലീസ് ആക്ടിലും നൽകിയിട്ടുണ്ട്. സാധാരണയായി അവർക്കു താഴെ പറയുന്ന അധികാരങ്ങളുണ്ട്.

1. തെരുവുകളിൽ പൊതുയോഗങ്ങൾ, ഘോഷയാത്ര, സംഗീതം എന്നിവ സംബന്ധിച്ച് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ നിർദ്ദേശം, ഉത്തരവ് മുതലായവയ്ക്ക് വിധേയമായി സന്ദർഭാനുസരണം പോലീസ് സൂപ്രണ്ടിന് താഴെ പറയുന്ന നടപടി എടുക്കാം.

(എ) യാതൊരു തെരുവിലും ജനങ്ങൾ കൂടുന്നതും ഘോഷയാത്രകൾ നടത്തുന്നതും സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ആഘോഷ യാത്രകൾ ഏതെല്ലാം വഴിയിൽ കൂടി ഏതെല്ലാം സമയത്ത് കടന്നുപോകാമോ ആ വഴികളും സമയവും സാമാന്യമോ പ്രത്യേകമോ ആയ നോട്ടീസ് മൂലം പ്രസ്താവിക്കുകയും

(ബി) ഏതെങ്കിലും തെരുവിൽ ഏതെങ്കിലും ആളുകളോ ഏതെങ്കിലും തരത്തിൽപ്പെട്ട ആളുകളോ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നിയന്ത്രിക്കപ്പെടാതിരിക്കുകയാണെങ്കിൽ, സമാധാനലംഘനം ഉണ്ടാക്കിയേക്കാമെന്നും തോന്നുന്ന ജനക്കൂട്ടത്തെ വിളിച്ചുകൂട്ടുകയോ ഒരുമിച്ചു കൂട്ടുകയോ അല്ലെങ്കിൽ ഘോഷയാത്ര നടത്തുകയോ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നു ബോദ്ധ്യമായാൽ അങ്ങനെ സംഘം വിളിച്ചു കൂട്ടുകയോ ഒരുമിച്ചു കൂട്ടുകയോ അല്ലെങ്കിൽ ഘോഷയാത്ര നയിക്കുകയോ നടത്തുകയോ ചെയ്യുന്ന ആളുകളോട് ലൈസൻസിന് അപേക്ഷിച്ച് അതു വാങ്ങിയതിനു ശേഷമല്ലാതെ അപ്രകാരം പ്രവർത്തിക്കരുതെന്ന് പൊതുവായോ പ്രത്യേകമായോ ഉള്ള നോട്ടീസ് മുഖേന ആവശ്യപ്പെടുകയും അപ്രകാരം അപേക്ഷ സമർപ്പിച്ചാൽ സൂപ്രണ്ട് ലൈസൻസുകാരുടെ പേര് ഉൾക്കൊള്ളിച്ചിട്ടുള്ളതും ഏതു വ്യവസ്ഥകളിൻമേൽ അപ്രകാരമുള്ള ജനക്കൂട്ടമോ ഘോഷയാത്രയോ അനുവദിക്കാമോ, ആ വ്യവസ്ഥകൾ നിർവഹിച്ചിട്ടുള്ളതുമായ ഒരു ലൈസൻസ് കൊടുക്കുകയും അല്ലെങ്കിൽ

(സി) എല്ലാ ഘോഷയാത്രകൾ നടത്തുമ്പോഴും ജനങ്ങൾ കൂടുമ്പോഴും പൊതുവാരാധനാ സമയം എല്ലാ ആരാധനാ സ്ഥലങ്ങളുടേയും സമീപത്തും ഏതെങ്കിലും തെരുവിലോ, പൊതുസ്ഥലത്തോ, പൊതുസങ്കേതസ്ഥലത്തോ, ആളുകൾ കൂടുകയോ, അവിടെ തടസ്സമുണ്ടാവാനിടയാവുകയോ ചെയ്യുന്ന എല്ലാ സംഗതികളിലും തടസ്സങ്ങൾ നീക്കുകയും അല്ലെങ്കിൽ

(ഡി) ഏതെങ്കിലും തെരുവിലോ പൊതുസ്ഥലത്തോ അവിടെയും ഏതെങ്കിലും സ്വകാര്യ സ്ഥലത്തും സംഗീതമോ, ധ്വനിവർദ്ധകയന്ത്രങ്ങളോ, ചെണ്ടകളോ, പെരുമ്പറകളോ, അല്ലെങ്കിൽ വലിയ ശബ്ദമുണ്ടാക്കുന്ന മറ്റുപകരണങ്ങളോ ഉപയോഗിക്കുന്നത് സമീപസ്ഥൻമാർക്ക് അസഹ്യമാകുമെങ്കിൽ തടയുകയോ, നിയന്ത്രിക്കുകയോ ചെയ്യാവുന്നതാണ്.

2. ഒരു ജനക്കൂട്ടം അല്ലെങ്കിൽ ഒരു ഘോഷയാത്ര എന്നിവ നടത്താനായി ലൈസൻസ് കൊടുത്തിട്ടുള്ള ഒരു സംഗതിയിൽ ആ ലൈസൻസിലെ നിബന്ധനകൾ ലംഘിക്കപ്പെടുന്നുണ്ടെങ്കിൽ ഒരു സ്റ്റേഷൻ ചാർജ്ജ് വഹിക്കുന്ന സബ് ഇൻസ്പെക്ടർ ഘോഷയാത്രയെ തടയുകയും ജനക്കൂട്ടത്തെ പിരിഞ്ഞുപോകാൻ ആജ്ഞാപിക്കുകയും ചെയ്യാവുന്നതാകുന്നു.

3. ഇൻസ്പെക്ടർ ജനറൽക്കും ഗവൺമെന്റ് ആജ്ഞകൾക്കും ഉൾപ്പെട്ട് പരസ്യമായ നോട്ടീസ് മൂലം വല്ല തെരുവീഥിയോ പരസ്യമായ സ്ഥലമോ വല്ല പൊതു കാര്യത്തിനും താൽക്കാലികമായി ഒഴിച്ചുവയ്ക്കാവുന്നതും താൻ നിർണ്ണയിക്കാവുന്ന നിബന്ധനകൾ പ്രകാരമൊഴികെ അപ്രകാരം ഒഴിച്ചുവയ്ക്കപ്പെട്ട പ്രദേശത്ത് ജനങ്ങൾ കടക്കുന്നത് നിരോധിക്കാവുന്നതും ആകുന്നു.

4. വാൾ, കുന്തം മുതലായവ കൂടെ കൊണ്ടുപോകുന്നത്, പരസ്യമായ പ്രസംഗങ്ങൾ മുതലായവ നടത്തുന്നത്, വല്ല ഘോഷയാത്രയോ പരസ്യമായി ജനങ്ങൾ കൂടുന്നത് വല്ല തെരുവീഥിയോ, പൊതുസ്ഥലമോ താൽക്കാലികമായി ഒഴിച്ചുവച്ച സ്ഥലത്ത് ജനങ്ങൾ കടന്നുപോകുന്നത്, ഇവയെല്ലാം നിരോധിക്കാനുള്ള ഉത്തരവുകൾ നടപ്പിലാക്കുകയും ആ ഉത്തരവിനോ നോട്ടീസിനോ വിരുദ്ധമായി ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഒരുങ്ങിയതോ ആയ വല്ലതിനേയും കൂടി പിടിച്ചെടുക്കാവുന്നതും അപ്രകാരം പിടിച്ചെടുക്കപ്പെട്ട വല്ലതും അക്കാര്യത്തിൽ അധികാരമുള്ള വല്ല മജിസ്ട്രേട്ടും ആജ്ഞാപിക്കുന്ന പ്രകാരം കൈയൊഴിയേണ്ടതും ആകുന്നു.

5. ഏതെങ്കിലും പൊതുസങ്കേതസ്ഥലത്തേയോ, പൊതുജനങ്ങൾ കൂടുന്ന സ്ഥലത്തോ, കൂടിയിട്ടുള്ള ആളുകൾക്കിടയിൽ കുഴപ്പമോ അവർക്ക് അപായമോ നേരിടാതിരിക്കാൻ അവിടെ ഹാജരായിരിക്കുന്നവരിൽ സബ് ഇൻസ്പെക്ടറുടെ സ്ഥാനത്തിൽ കുറയാതെയും എത്രയും കൂടുതൽ സ്ഥാനവലിപ്പമുള്ള പോലീസുദ്യോഗസ്ഥൻ, നിയമാനുസാരം പുറപ്പെടുവിച്ചിരിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും ഉൾപ്പെട്ട് ആ സ്ഥലത്തേയ്ക്ക് ജനങ്ങൾ പ്രവേശിക്കേണ്ട വിധത്തേപ്പറ്റിയും അവിടെ ഹാജരായിരിക്കുന്ന ജനങ്ങൾ സമാധാനപരമായും, ക്രമാനുസാരമായും വർത്തിക്കേണ്ടതിലേക്കായും ആവശ്യമെന്നു താൻ വിചാരിക്കുന്ന ന്യായമായ നിർദ്ദേശങ്ങളനുസരിച്ച് നടക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാകുന്നു.

മേൽപറഞ്ഞ വ്യവസ്ഥകൾ അനുസരിച്ച് കൊടുക്കപ്പെട്ട വല്ല നിർദ്ദേശവും നടപ്പാക്കുന്നതിലേക്കായി പോലീസിന് അപ്രകാരമുള്ള പൊതുസങ്കേതസ്ഥലത്തോ, പൊതുജനങ്ങൾ കൂടുന്ന എല്ലാ സ്ഥലത്തുമോ, തടസ്സം കൂടാതെ പ്രവേശിക്കാവുന്നതാകുന്നു.

6. ഏതെങ്കിലും പ്രദേശത്ത് അഗ്നിബാധ ഉണ്ടാകുമ്പോൾ ഒരു കോൺസ്റ്റബിളിന്റെ സ്ഥാനത്തിന് ഉപരിയായ ഏതെങ്കിലും പോലീസുദ്യോഗസ്ഥനോ, അല്ലെങ്കിൽ ഒരു ഫയർമാന്റെ പദവിക്കു മേലെയുള്ള അഗ്നി ശമന സംഘത്തിലെ വല്ല അംഗമോ

(എ) തീ കെടുത്തുന്നതിലേയ്ക്കോ മുതലോ ജീവനോ രക്ഷിക്കുന്നതിലേക്കോ ഉള്ള പ്രവർത്തികളിൽ തങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് ഇടപെടുകയോ, അല്ലെങ്കിൽ ആ പ്രവർത്തികളെ തടസ്സപ്പെടുത്തിയോ ചെയ്യുന്നവയല്ല. ആളുകളെയും നീക്കുകയോ, നീക്കാൻ ആജ്ഞാപിക്കുകയോ ചെയ്യാവുന്നതും

(ബി) ഏതു തെരുവീഥിയിലോ വഴിയിലോ അതിനു സമീപമോ വല്ല തീയും കത്തിക്കൊണ്ടിരിക്കുന്നുവോ, ആ തെരുവീഥിയോ വഴിയോ അടയ്ക്കാവുന്നതും

(സി) താൻ തന്നെയോ തന്റെ വ്യക്തിയിൽ പ്രവർത്തിക്കുന്നവർ മുഖേനയോ തീ കെടുത്തുന്ന കാര്യത്തിലേക്കായി കഴിയുന്നതും കുറവായി നാശനഷ്ടം വരത്തക്കവിധത്തിൽ വല്ല വളപ്പിനകത്തും കടക്കുകയോ, അത്രബലമായി തുറക്കുകയോ, പൊളിച്ചിറക്കുകയോ, നീർക്കുഴലുകളോ മറ്റു ഉപകരണങ്ങളോ കൊണ്ടുപോകുന്നതിലേയ്ക്കായി ഉപയോഗിക്കുകയോ ചെയ്യാവുന്നതും

(ഡി) അഗ്നിബാധ ഉണ്ടായിട്ടുള്ള സ്ഥലത്ത് കൂടുതൽ ജലസമ്മർദ്ദം ഉണ്ടാക്കുന്നതിലേക്കായി വല്ല പ്രദേശത്തെയും വൻപാത്തികളേയും കുഴലുകളെയും അടപ്പിക്കാവുന്നതും

(ഇ) വല്ല തീകെടുത്ത് യന്ത്രത്തിന്റെയും സൂക്ഷിപ്പുകാരോടു കഴിയുന്നതും സഹായം ചെയ്തുതരാൻ ആവശ്യപ്പെടാവുന്നതും

(എഫ്) സമാന്യമായി ജീവനും മുതലും രക്ഷിക്കേണ്ടതിന് ആവശ്യമെന്നു കാണപ്പെടാവുന്ന ഏർപ്പാടുകൾ ചെയ്യാവുന്നതും ആകുന്നു.

അഗ്നിബാധ ഉണ്ടാകുന്ന അവസരത്തിൽ അഗ്നിശമന സൈന്യത്തിലോ അഗ്നിശമന സംഘത്തിലേയോ അംഗങ്ങളാലോ പോലീസുദ്യോഗസ്ഥന്മാരാലോ അവരുടെ തുണയാളുകളാലോ അവരുടെ കൃത്യങ്ങൾ മുറപ്രകാരം നടത്തുമ്പോൾ വല്ല നാശനഷ്ടവും ഉണ്ടായാൽ അതിന് അഗ്നിബാധയ്ക്കെതിരായുള്ള ഏതെങ്കിലും ഇൻഷൂറൻസ് പോളിസിയുടെ അർത്ഥവ്യാപ്തിക്കുള്ളിൽപ്പെട്ട അഗ്നിബാധപരമായ നഷ്ടമെന്നു ഗണിക്കേണ്ടതാകുന്നു. എന്നാൽ വല്ല പോലീസുദ്യോഗസ്ഥനും അഗ്നിശമന സൈന്യത്തിലേയോ അഗ്നിശമന സംഘത്തിലേയോ വല്ല അംഗമോ ന്യായമായ കാരണം കൂടാതെ ചെയ്ത വല്ല പ്രവർത്തികളും ഹേതുവായുള്ള നഷ്ടത്തിനുള്ള ബാദ്ധ്യതയിൽ നിന്ന് ഈ വകുപ്പിലുള്ള യാതൊന്നും തന്നെ അയാളെ ഒഴിവാക്കുകയില്ല.

എന്നാൽ അപ്രകാരമുള്ള ജീവനക്കാരെയും ഉപകരണങ്ങളും വച്ചിട്ടുള്ളതും ജീവനക്കാരെയും ഉപകരണങ്ങളേയും തീ കെടുത്തുന്നതിലേയ്ക്ക് ഉപയോഗിക്കുന്നതുമായ യാതൊരു ഉദ്ദേശാധികാര സ്ഥാനത്തുനിന്നും തീ കെടുത്തുന്നതിലേയ്ക്കായി ജീവനക്കാർക്കും ഉപകരണങ്ങൾക്കുമുള്ള ചെലവ് വസൂലാക്കി കൂടാത്തതുമാകുന്നു.

7. ഒരു തെരുവീഥിയിലോ പൊതു സങ്കേതസ്ഥലത്തോ മോഷ്ടിച്ചതായ വസ്തു എന്ന് ഒരു പോലീസുദ്യോഗസ്ഥൻ ഉത്തമ വിശ്വാസത്തോടുകൂടി സംശയിക്കുന്ന വല്ല സാധനവും ഒരാളുടെ കൈവശത്തിലിരിക്കുകയോ ഇരിക്കുന്നതായി തോന്നുകയോ ചെയ്യുമ്പോൾ, ആ പോലീസ് ഉദ്യോഗസ്ഥൻ അതിലേയ്ക്ക് പരിശോധന നടത്താവുന്നതും അതു പരിശോധിക്കാവുന്നതും അത് എങ്ങനെ കൈവശം വന്നു എന്ന് സമാധാനം പറയാൻ ആവശ്യപ്പെടാവുന്നതും അതിന്റെ കൈവശക്കാരൻ നൽകുന്ന സമാധാനം പ്രത്യക്ഷത്തിൽ കളവായോ സംശയിക്കത്തക്കതായോ ഇരുന്നാൽ ആ സാധനം പിടിച്ചുവച്ച് അതിന്റെ ഒരു യഥാസ്തു തയ്യാറാക്കി സ്ഥലത്തേ രണ്ട് ആളുകളേക്കൊണ്ട് സാക്ഷ്യപ്പെടുത്തിയതിന് ശേഷം വിവരത്തിന് ഏറ്റവും അടുത്തുള്ള ഒരു മജിസ്ട്രേട്ടിന് റിപ്പോർട്ടു ചെയ്യാവുന്നതും ആ മജിസ്ട്രേറ്റ് സാധനത്തിന്റെ സൂക്ഷിപ്പിനേപ്പറ്റിയോ സാധനം ഹാജരാക്കുന്നതിനേപ്പറ്റിയോ തനിക്ക് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാകുന്നു.

8. ഏതെങ്കിലും തദ്ദേശപ്രദേശത്ത് ഒരു കോൺസ്റ്റബിളിന്റെ പദവിക്ക് മേലേയുള്ള ഏതെങ്കിലും ഒരു പോലീസുദ്യോഗസ്ഥന് ഏതെങ്കിലും വാസഗൃഹത്തിലോ മറ്റ് സ്ഥലത്തോ മോഷണവസ്തു ഒളിച്ചുവക്കുകയോ സൂക്ഷിക്കുകയോ ചെയ്തിട്ടുണ്ടെന്ന് ഒരു സാധനം വാറണ്ട് കൊണ്ടുവരുന്നതിനു മുമ്പ് നീക്കം ചെയ്യാൻ സാദ്ധ്യതയുണ്ടെന്ന് സംശയിക്കുവാൻ തക്ക കാരണമുണ്ടെങ്കിൽ പരിശോധനകൾ സംബന്ധിച്ചിടത്തോളം 1973-ലെ ക്രിമിനൽ നടപടി നിയമത്തിലെ പൊതുവ്യവസ്ഥകൾക്ക് വിധേയമായി അപ്രകാരമുള്ള ഗൃഹമോ സ്ഥലമോ പരിശോധന ചെയ്യാവുന്നതാണ്.

9. വല്ല പണയത്തരകൻ, പഴയവസ്തുക്കൾ വ്യാപാരം ചെയ്യുന്ന ആൾ, ലോഹപ്പണിക്കാരൻ ഇവരുടെ പക്കൽ ഒരു പോലീസുദ്യോഗസ്ഥൻ മോഷണ സാധനങ്ങളുടെ ഒരു ലിസ്റ്റ് ഏൽപ്പിക്കാവുന്നതും ആ സാധനങ്ങളെപ്പറ്റിയുള്ള ഏതെങ്കിലും അറിവുകിട്ടിയാൽ ഉടൻ പോലീസിനെ അറിയിക്കാൻ നിർദ്ദേശിക്കാവുന്നതുമാകുന്നു.

10. കോൺസ്റ്റബിളിന്റെ സ്ഥാനത്തിനു മേലെയുള്ള ഏതൊരു പോലീസുദ്യോഗസ്ഥനും മദ്യമോ ലഹരിസാധനങ്ങളോ സൂക്ഷിക്കുന്നതോ വിൽപ്പന നടത്തുന്നതോ ആയ ഏതൊരു ഷാപ്പിലോ, ചൂതാട്ടുപുരയിലോ അല്ലെങ്കിൽ നടപടിദൂഷ്യമുള്ളവരുടേയോ നിയമവിരുദ്ധമായി നടക്കുന്നവരുടേയോ മറ്റു സങ്കേതസ്ഥലത്തോ വാറണ്ടു കൂടാതെ പ്രവേശിച്ച് പരിശോധന നടത്താവുന്നതാണ്.

11. ഏതൊരു പോലീസുദ്യോഗസ്ഥനും ഒരു മജിസ്ട്രേട്ടു മുമ്പാകെ വല്ല കുറ്റവും ആരോപിക്കുകയും കുറ്റം നടത്തുന്ന ഏതൊരാളുടേയും പേരിൽ നിയമപ്രകാരം പുറപ്പെടുവിക്കാവുന്ന സമൻസിനോ വാറണ്ടിനോ ശോധനാവാറണ്ടിനോ മറ്റുവല്ല നിയമാനുസാര നടപടിക്കോ അപേക്ഷിക്കുകയും ചെയ്യാവുന്നതാണ്.

12. പോലീസിന്റെ ന്യായമായ നിർദ്ദേശങ്ങളനുസരിക്കാൻ പ്രതിഷേധം കാണിക്കുകയോ വിസമ്മതം പ്രകടിപ്പിക്കുകയോ അല്ലെങ്കിൽ വീഴ്ചവരുത്തുകയോ ചെയ്യുന്ന ഏതൊരാളേയും ഒരു പോലീസുദ്യോഗസ്ഥൻ വിലക്കുകയോ നീക്കം ചെയ്യുകയോ ചെയ്യാവുന്നതാണ്.

13. നിയമമനുസരിച്ച് ഉത്തമവിശ്വാസത്തോടുകൂടി ഒരു പോലീസുദ്യോഗസ്ഥൻ ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ ഏതു പ്രവൃത്തി നിമിത്തവും അവർ ഒരു പിഴയ്ക്കോ നഷ്ട പരിഹാരത്തിനോ വിധേയരാകുന്നതല്ല.


**വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട**

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. എങ്ങനെ അത് തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം

പെരുമ്പാവൂർ

ഫോൺ: 9447149309

സമയം: 9 AM to 9 PM.

ഞായറാഴ്ചയും പ്രവർത്തിക്കും

# ക്രിസ്ത്യാനികളിൽ വസിക്കുന്ന പിശാചുക്കൾ

ഡോ.റിബേക്കാ ബ്രൗൺ എഴുതിയ 'യുദ്ധത്തിനായി ഒരുങ്ങുക' എന്ന പുസ്തകത്തിൽ നിന്നുള്ള ഒരു ഭാഗമാണിത്. 'അവൻ ബന്ധിതരെ മോചിപ്പിക്കുവാൻ വന്നു', 'യുദ്ധത്തിനായി ഒരുങ്ങുക' എന്നീ പുസ്തകങ്ങൾ ആവശ്യമുള്ളവർ 7-ാം പേജിലെ പരസ്യം ശ്രദ്ധിക്കുക.

ക്രിസ്ത്യാനികളിൽ വസിക്കുന്ന പിശാചുക്കൾ എന്ന വിഷയത്തെ നാം നേരിട്ട് അഭിസംബോധന ചെയ്യേണ്ടതുണ്ട്. വളരെ ചൂടേറിയ വിവാദങ്ങൾക്ക് കാരണമായിത്തീർന്നിട്ടുള്ള ഒരു വിഷയമാണിതെന്നെനിക്കറിയാം. ക്രിസ്ത്യാനികളിൽ പിശാചുക്കൾ അധിവാസമുറപ്പിക്കയില്ല എന്നാണ് ഞാൻ തന്നെയും വിചാരിച്ചിരുന്നത്. കർത്താവ് എന്നെ ശുശ്രൂഷക്ക് വിളിക്കുന്നതു വരെയും ആ ധാരണയിലായിരുന്നു ഞാൻ. അതിന് ശേഷം തിരുവചനഭാഗങ്ങൾ വാസ്തവത്തിൽ പരിശോധിച്ച് ഈ പ്രശ്നം സംബന്ധിച്ച് കർത്താവിനോട് പ്രാർത്ഥനയിലൂടെ അപേക്ഷിക്കയാണ് ഞാൻ ചെയ്തത്.

അനുകൂലമായോ പ്രതികൂലമായോ കർത്താവ് ഇതെ സംബന്ധിച്ച ഒരു വ്യക്തമായ പ്രസ്താവന നൽകുമെന്ന് ഞാൻ ആഗ്രഹിച്ചു. തിരുവചനത്തിലൊരു ഭാഗത്തും ക്രിസ്ത്യാനികളിൽ പിശാചുക്കൾ അധിവസിക്കുമെന്നോ ഇല്ലെന്നോ വ്യക്തമായി പ്പറഞ്ഞതായിക്കാണുന്നില്ല. അതുകൊണ്ട് ഈ പ്രശ്നത്തെ പരാമർശിക്കുന്ന ചില വേദഭാഗങ്ങൾ നമുക്ക് പരിശോധിക്കാം. "ഇരുട്ടിന് വെളിച്ചത്തോട് എന്ത് കാര്യം?" എന്ന വാദഗതിയാണ് ക്രിസ്ത്യാനികളിൽ പിശാചുക്കൾക്ക് അധിവസിക്കുവാൻ കഴിയുമെന്ന വാദത്തിനെതിരായി ഉന്നയിക്കാറുള്ള ഒന്ന്. ആ തിരുവചനത്തെ അതിന്റെ പശ്ചാത്തലത്തിൽ നമുക്ക് ഒന്ന് പരിശോധിക്കാം.

"നിങ്ങൾ അവിശ്വാസികളോടു ഇണയല്ലാപ്പിണ കൂടരുതു; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിന്നു ഇരുളോടു എന്തോരു കൂട്ടായ്മ? ക്രിസ്തുവിന്നും ബെലീയാലിന്നും തമ്മിൽ എന്തു പൊരുത്തം? അല്ല, വിശ്വാസിക്കു അവിശ്വാസിയുമായി എന്തു ഓഹരി? ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. "ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും" എന്നു ദൈവം അരുളി ചെയ്തിരിക്കുന്നുവല്ലോ. അതുകൊണ്ടു "അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായതു ഒന്നും തൊടരുതു; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും" എന്നു സർവ്വശക്തനായ കർത്താവു അരുളിച്ചെയ്യുന്നു" (2 കൊരി. 6:14-18).

കൊരിന്തിലെ ക്രിസ്ത്യാനികളെയാണ് ഈ വേദഭാഗം അഭിസംബോധന ചെയ്യുന്നത്. അവരിൽ ചിലരെങ്കിലും ഇണയില്ലാപ്പിണയായി ചേർന്നുവന്നവരായിരുന്നു എന്ന് നമുക്കൂഹിക്കാം. അവരുടെ ജീവിതങ്ങളെ നിർമ്മലീകരിക്കുവാനാണ് പൗലോസ് അവരോട് പറയുന്നത്. അതുകൊണ്ട് ക്രിസ്ത്യാനികളിൽ പിശാചുക്കൾ വസിക്കില്ല എന്നതിന് തെളിവായി ഈ ഭാഗത്തെ ഉപയോഗിക്കുവാനാവില്ല. നേരെമറിച്ചാണ് വാസ്തവത്തിൽ സംഭവിക്കുന്നത്.

അനേക ക്രിസ്ത്യാനികളും താഴെകൊടുത്തിട്ടുള്ള തിരുവചനഭാഗത്തിന് സമാന്തരമായ ഭാഗങ്ങൾ ഉദ്ധരിക്കാറുണ്ട്.

"ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു; ദൈവത്തിൽനിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല" (1 യോഹ.5:18).

എന്നാൽ മറ്റു തിരുവചന ഭാഗങ്ങളുമായി സമതുലിതാവസ്ഥ സൃഷ്ടിക്കുംവിധം വേദപുസ്തകത്തിന്റെ ആകമാന സന്ദേശമാണ് ഗ്രഹിച്ചിരിക്കേണ്ടത്.

"നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹ; 1:8,9). "എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു" (1 യോഹ. 2:1)

ശരിക്കും വീണ്ടും ജനിച്ച ഒരു ക്രിസ്ത്യാനി പാപരഹിതാവസ്ഥയിലായിരിക്കും. എന്നാൽ ഈ പാപമയമായ ലോകത്തിലും ശരീരത്തിലും ആയിരിക്കുന്നിടത്തോളം കാലം നമ്മുടെ പാപസ്വഭാവവുമായി നാം പോരാടിക്കൊണ്ടിരിക്കണം എന്നതാണ് ഒരു കഠിന യാഥാർത്ഥ്യം. കൊരിന്ത്യർക്കെഴുതിയ ഒരു പ്രസ്താവനയിലൂടെ പൗലോസ് ഇത് വളരെ വ്യക്തമാക്കുന്നു.

"മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നേ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്നു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നതു" (1 കൊരി. 9:27).

സാധാരണഗതിയിൽ പിശാചുക്കൾ അകത്തുകടക്കുവാൻ കഴിയാത്ത വിധത്തിൽ ക്രിസ്ത്യാനികൾ വേലികെട്ടി (ഇയ്യോബ് ആയിരുന്നതുപോലെ) സംരക്ഷിക്കപ്പെടുന്നു. എന്നാൽ 1 യോഹ. 5:18-ലെ തിരുവചനം സൂചിപ്പിക്കുന്നതുപോലെ ദൈവത്തിൽ നിന്നു ജനിച്ചവനെല്ലാം പാപത്തിൽ നിന്നകന്നു നിൽക്കുന്നതനുസരിച്ച് ദുഷ്ടനായവയിൽ നിന്നും സംരക്ഷിക്കപ്പെടുന്നു. സഭാ പ്രസംഗി അത് വളരെ വ്യക്തമാക്കുന്നുണ്ട്.

"കുഴി കുഴിക്കുന്നവൻ അതിൽ വീഴും; മതിൽ പൊളിക്കുന്നവനെ പാമ്പു കടിക്കും" (സഭ. 10:8)

സംരക്ഷണ വേലിയിൽ ഒരു ദ്വാരമുണ്ടാക്കുവാൻ ക്രിസ്ത്യാനിക്ക് കഴിയുമെന്ന് തിരുവചനം വെളിവാക്കുന്നു. പാപം ചെയ്യുന്നതുവഴിയാണ് ഇത് സാധിക്കുന്നത്. ലൂക്കോ. 10:19-ൽ പിശാചുക്കളെ യേശു "പാമ്പുകളും തേളുകളും" എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്.

നിശ്ചയമായും അത്തരത്തിൽ വേലിക്കെട്ടുപൊളിക്കുന്ന ഒരു പാപമാണ് വ്യഭിചാരം. ഹെർപ്പിസിനേക്കാളും എയ്ഡ്സിനെക്കാളും വളരെ തകർച്ചയുണ്ടാക്കുന്ന ഒരു ലൈംഗികരോഗമാണ് പിശാചുക്കൾ! ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് ലൈംഗികവേഴ്ചയിലൂടെ അവ കൈമാറ്റം ചെയ്യപ്പെടുന്നു. അതുകൊണ്ടാണ് സാത്താൻ സേവയിലേക്ക് ആളുകളെ ചേർക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയായി ലൈംഗിക വേഴ്ച ഉപയോഗിച്ചുവരുന്നത്. അതുകൊണ്ടാണ് ചരിത്രത്തിലുട നീളവും ഇന്നും വിജാതീയ അമ്പലങ്ങളിൽ ദേവദാസികളും പുരുഷ വ്യഭിചാരക്കാരും ഉണ്ടായിരിക്കുന്നത്. ഒരു സാത്താൻ സേവകനുമായുള്ള ലൈംഗിക വേഴ്ചയിലൂടെ അക്കാര്യത്തെക്കുറിച്ച് സംശയമില്ലാത്ത ഒരു വ്യക്തിയിലേക്ക് പിശാചുക്കളെ പ്രവേശിപ്പിക്കുകയും അങ്ങനെ ആ വ്യക്തിയെ സാത്താൻ സേവയിലേക്ക് ആകർഷിക്കുകയുമാണ് ചെയ്യുന്നത്.

"മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിന്നു പുറത്താകുന്നു. ദുർന്നടപ്പു കാരനോ സ്വന്തശരീരത്തിന്നു വിരോധമായി പാപം ചെയ്യുന്നു." "ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊരിന്ത്യർ. 6:18,20).

'വേലിപൊളിക്കുന്നതിനെ' (സഭാ പ്രസംഗി. 10:8) എന്ന് ഞാൻ വിളിക്കുന്ന ഈ വിഷയത്തേക്കുറിച്ച് കൂടുതൽ കാര്യങ്ങൾ 10-ാം അദ്ധ്യായത്തിൽ ഞാനെഴുതിയിട്ടുണ്ട്.

"ഒരു ക്രിസ്ത്യാനി പരിശുദ്ധാത്മാവിന്റെ മന്ദിരമാകയാൽ രണ്ടുകൂട്ടർക്ക് ഒരേസമയം അവിടെ പാർക്കുവാൻ കഴിയുകയില്ല എന്നും അതിനാൽ ഒരു ക്രിസ്ത്യാനിയിൽ പിശാചു വസിക്കുക അസാദ്ധ്യമാണെന്നും" ചിലർ ഭക്തി പുരസ്സരം പറയുന്നതു കേൾക്കുമ്പോൾ എനിക്ക് ചിരിയാണുണ്ടാവുക. ശലോമോൻ ഇക്കാര്യം ഭംഗിയായി പറഞ്ഞിട്ടുണ്ട്.

"എന്നാൽ ദൈവം യഥാർത്ഥമായി ഭൂമിയിൽ വസിക്കുമോ? സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലോ; പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്നതു എങ്ങനെ?" (1 രാജാ. 8:27)

പരിശുദ്ധാത്മാവാം ദൈവം സർവ്വവ്യാപിയാണ്. അങ്ങനെയെങ്കിൽ രണ്ടുപേർക്കും ഒന്നിച്ചു ഒരേസമയം വസിക്കുവാൻ കഴിയാത്തപ്പോൾ പിശാചുക്കൾ എല്ലായിടത്തും വസിക്കുന്നതായി കാണപ്പെടുന്നത് എന്തുകൊണ്ടാണ്?

പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക" (2 കൊരി. 7:1)

ക്രിസ്ത്യാനികളെയാണ് ഇവിടെ അഭിസംബോധന ചെയ്തിരിക്കുന്നത്. 'മ്ലേച്ഛത' എന്നതിനേക്കാൾ മെച്ചമായ രീതിയിൽ പിശാചുക്കളെ വിവരിക്കുവാൻ മറ്റൊരു വഴിയുണ്ടോ? അവിടുത്തേക്ക് കൂട്ടുവേലക്കാരായിരിക്കുവാൻ യേശു നമ്മെ നമ്മുടെ പാപങ്ങളിൽ നിന്നും ശുദ്ധീകരിക്കുന്നു. എന്നാൽ യേശുക്രിസ്തുവിലൂടെ നമുക്ക് ഇപ്പോൾ സംലഭ്യ

(അടുത്ത പേരിൽ തുടരുന്നു.....)


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്:

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-2592249, 9447414608

# ക്രിസ്ത്യാനികളിൽ വസിക്കുന്ന പിശാചുക്കൾ .................

മായിരിക്കുന്ന ശക്തിയും അധികാരവുമെടുത്ത് നാം നമ്മെത്തന്നെ 'മ്ലേച്ഛതകളിൽ' നിന്ന് അഥവാ പിശാചുക്കളിൽ നിന്നും ശുദ്ധീകരിച്ച് വെടിപ്പാക്കണം. നാം ക്രിസ്തുവിനെ സ്വീകരിച്ചു കഴിഞ്ഞാൽപ്പിന്നെ പിശാചുക്കൾ അതിക്രമികളാണ്. അവർക്ക് നമ്മിൽ തുടരുവാൻ യാതൊരവകാശവുമില്ല. പാപത്തിന്റെയും അജ്ഞതയുടെയും കാരണത്താൽ നാം അവർക്ക് നിയമപരമായ അടിസ്ഥാനം നൽകുമ്പോൾ മാത്രമേ അവയ്ക്ക് നമ്മിൽ തുടരുവാൻ അവകാശമുണ്ടായിരിക്കയുള്ളു.

ചില വിടുതൽ ശുശ്രൂഷക്കാർ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടിരിക്കുന്നതിനാൽ പിശാചുക്കൾക്ക് നമ്മുടെ ആത്മാക്കളെ സ്പർശിക്കുവാൻ അവകാശമില്ല എന്ന് പറയുന്നതു കാരണം (2 കൊരി. 7:1) ഈ വേദഭാഗം വളരെ പ്രധാനപ്പെട്ടതാണ്. ഈ വിശ്വാസത്തെ ഉറപ്പിക്കുന്ന യാതൊരു തിരുവചനഭാഗവും എനിക്ക് കാണുവാൻ കഴിയുന്നില്ല. നമ്മുടെ ആത്മാക്കൾ നിശ്ചയമായും പിശാചുക്കളാൽ സ്വാധീനിക്കപ്പെടുവാൻ സാദ്ധ്യതയുണ്ട് എന്നാണ് തിരുവചനം പറയുന്നത്. അങ്ങനെ യല്ലായിരുന്നെങ്കിൽ സകല മ്ലേച്ഛതകളിൽ നിന്നും നമ്മുടെ ആത്മാക്കളെ ശുദ്ധീകരിക്കുവാൻ കൽപ്പിക്കേണ്ടതിന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല.

അവളുടെ ഉള്ളിലേക്ക് പിശാചുക്കൾ കടന്നുവരുവാനുള്ള നിയമസാധ്യത എലൈൻ അവറ്റകൾക്ക് നൽകിയിരുന്നു. ഒരിക്കൽ യേശുക്രിസ്തുവിനെ അവളുടെ കർത്താവും നായകനുമായി സ്വീകരിച്ചുകഴിഞ്ഞപ്പോൾ ലഭ്യമായ അധികാരവും ശക്തിയും ഉപയോഗിക്കേണ്ടതായ ചുമതല അവൾക്കായി. അക്കാര്യത്തിൽ അവളെ സഹായിക്കുവാൻ കർത്താവ് എന്നെ തുണച്ചു.

നേരത്തെ തന്നെ ക്രിസ്ത്യാനികളായിത്തീർന്നിട്ടില്ലാത്ത ആരിൽ നിന്നും പിശാചുക്കളെ ഒഴിച്ചുവിടുവാൻ കർത്താവ് എനിക്ക് വ്യക്തിപരമായ കൽപ്പന തന്നിട്ടില്ല. കാരണം ഞാൻ അങ്ങനെ ചെയ്താൽ അവർക്ക് പ്രയോജനമുണ്ടാവുകയില്ല. കൂടുതൽ പിശാചുക്കളേയും കൊണ്ട് മടങ്ങിവന്ന് ആ വ്യക്തിയുടെ സ്ഥിതി ആദ്യത്തേതിൽ കൂടുതൽ വഷളാക്കുവാൻ അത്തരം കേസുകളിൽ പിശാചുക്കൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നതാണ് കാരണം. ക്രിസ്ത്യാനികളല്ലാത്തവരിൽ നിന്ന് ഞാൻ പിശാചുക്കളെ പുറത്താക്കിയിട്ടുള്ളത് തീരെ കൊച്ചുകുട്ടികളിൽ നിന്ന് മാത്രമാണ്. അവർ പ്രത്യേക ഗണത്തിൽപ്പെട്ടവരാണ്. അവർ ദൈവദൃഷ്ടിയിൽ കണക്ക് ബോധിപ്പിക്കുവാൻ ബാദ്ധ്യസ്ഥരാകുംവിധം പക്വത പ്രാപിച്ചവരല്ല.

എന്നാൽ ഗദരദേശത്തെ ഒരു ഭൂതഗ്രസ്ഥനിൽ നിന്ന് പിശാചുക്കളെ യേശു ഓടിച്ചു കളഞ്ഞു എന്ന കാര്യം എനിക്ക് നന്നായി ബോധ്യമുള്ളതാണ്. അയാൾ ഒരു ക്രിസ്ത്യാനിയല്ലായിരുന്നു. എന്നാൽ പിന്നീട് യേശുവിനെ അനുഗമിപ്പാൻ താല്പര്യപ്പെട്ട അയാൾ നിശ്ചയമായും ഒരു ക്രിസ്ത്യാനി ആയിട്ടുണ്ടാവണം. ഒരു അവിശ്വാസിയിൽ നിന്ന് പിശാചുക്കളെ പുറത്താക്കിക്കളവാൻ ഒരു ക്രിസ്ത്യാനിക്ക് കല്പന ലഭിക്കുന്ന സന്ദർഭങ്ങൾ ഉണ്ടായിരിക്കുമെന്നും എനിക്ക് നിശ്ചയമുണ്ട്. എന്നാൽ ഇത് പതിവായി നടക്കുന്ന ഒരു കാര്യമായിരിക്കയില്ല. അതിനേക്കാൾ സുനിശ്ചിതമായി, അത്തരം വ്യക്തികളെ കർത്താവിലേക്ക് നയിക്കുവാനുള്ള അനുധാവന പ്രവർത്തനം അനുപേക്ഷണീയമാണ്. അല്ലാഞ്ഞാൽ അവരുടെ പിന്നത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ വളരെ ദുരിതപൂർണ്ണമായിരിക്കും.

ക്രിസ്ത്യാനിയല്ലായിരുന്ന ഒരു യുവതിയിൽ നിന്നും പിശാചുക്കളെ പുറത്താക്കിയ ദുഃഖകരമായ ഒരു സംഭവത്തിൽ കഴിഞ്ഞ വർഷം ഞാൻ ഇടപെടുകയുണ്ടായി. നിർഭാഗ്യകരമെന്നു പറയട്ടെ അതിൽ ഉൾപ്പെട്ടിരിക്കുന്ന ക്രിസ്തീയ വിശ്വാസികൾ അവൾ ഒരു ക്രിസ്ത്യാനി ആണോ എന്നന്വേഷിച്ച് കണ്ടുപിടിക്കുവാൻ മെനക്കെട്ടില്ല, വിടുതലിനുശേഷം ഉടൻ തന്നെ അവളെ ക്രിസ്തുവിലേക്ക് ആനയിക്കുവാൻ പരിശ്രമിച്ചിട്ടുമില്ല. അതിന്റെ ഫലമായി ദുരന്തം സംഭവിച്ചു. ഇത്തരത്തിൽ ഞാൻ ഇടപെട്ടിട്ടുള്ള ഏകപ്രശ്നം ഇതാണ് എന്ന് പറയണമെന്നെനിക്കാഗ്രഹമുണ്ട്. എന്നാൽ അങ്ങനെയല്ല. അവളുടെ കഥ ഇതാണ്:-

ക്രിസ് (ശരിയായ പേരിതല്ല) റോമൻ കത്തോലിക്കാ സഭാംഗമാണ്. ഒരു കത്തോലിക്കാ കരിസ്മാറ്റിക് ഗ്രൂപ്പിലെ വേദപഠന ക്ലാസ്സുകളിൽ അവൾ സംബന്ധിച്ചു. അത് അതിവേഗം ഒരു കൾട്ടായി രൂപാന്തരപ്പെട്ടു. ആ ഗ്രൂപ്പിന്റെ നേതാക്കൾ എല്ലാത്തരം ധ്യാനങ്ങളിലും ഏർപ്പെടുകയും മനോവിദ്യകൾ പഠിപ്പിക്കുകയും ചെയ്തിരുന്നു. ഒരു വർഷം അതിലെല്ലാം പങ്കെടുത്തശേഷം അത് ഒരു മന്ത്രവാദ പരിപാടിയാണെന്ന് മനസ്സിലാക്കിയ ക്രിസ് അതിൽ നിന്നും പിൻമാറി. ഈ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെപ്പറ്റി പരാതി പറയുവാൻ സഭാമേധാവികളുടെ അടുക്കൽ പോയതിനു ശേഷമാണ് അവളുടെ പ്രശ്നങ്ങൾ ആരംഭിച്ചത്.

ഞാൻ അവളിൽ നിന്ന് കേൾക്കുന്നതിന് ഒരു വർഷം മുൻപ് ക്രിസ് ദിവസവും പിശാചുക്കളാൽ പീഡിപ്പിക്കപ്പെട്ടുകൊണ്ടിരുന്നു. മിക്കപ്പോഴും തിളച്ച വെള്ളം ശരീര ഭാഗങ്ങളിലെല്ലാം ഒഴിച്ചതുപോലെ അവർക്കനുഭവപ്പെട്ടു, ചിലപ്പോഴെല്ലാം തീപ്പൊള്ളലുകൾ അവളുടെ ശരീരത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. വിവിധ തരത്തിലുള്ള പീഢനം കാരണം അവൾക്കുറങ്ങുവാൻ കഴിഞ്ഞില്ല. വിശദീകരിക്കുവാനാവാത്ത നിരവധി രോഗങ്ങളും അപകടങ്ങളും അവൾക്കുണ്ടാവുകയും ചെയ്തു. മറ്റൊരു പട്ടണത്തിലേക്കവൾ രക്ഷപ്പെട്ടോടിയെങ്കിലും യാതൊരു ശമനവുമുണ്ടായില്ല. അസംഖ്യ കത്തോലിക്കാ പുരോഹിതന്മാരുടെ ഉപദേശം തേടിയെങ്കിലും ആർക്കും അവളെ സഹായിപ്പാനായില്ല. അവസാനം 'ക്ളോസെറ്റ് വിച്ചസ്' (Closet Witches) ടേപ്പുകളിലൂടെയാണ് അവൾ എന്നെക്കുറിച്ച് അറിയുവാനിടയായത്.

ഞാൻ അനേക അവസരങ്ങളിൽ അവളുമായി സംസാരിച്ചുവെങ്കിലും അവൾ ഒരു ക്രിസ്ത്യാനിയല്ലാത്തതിനാൽ അവളിലെ പിശാചുക്കളോട് പുറത്തുപോകുവാൻ ആജ്ഞാപിച്ചില്ല. യേശു ക്രിസ്തുവിന്റെ ഒരു യഥാർത്ഥ വിശ്വാസി ആകാത്തതിനാൽ പിശാചുക്കളിൽ നിന്ന് ഒഴിഞ്ഞിരിക്കുവാൻ അവൾക്കാവില്ല എന്നെനിക്കറിയാമായിരുന്നു.

ആറുമാസങ്ങൾക്കു ശേഷം ക്രിസ് വീണ്ടും ഞാനുമായി ബന്ധപ്പെട്ടു. രണ്ടാഴ്ചകൾക്കു മുമ്പ് വിടുതൽ ശുശ്രൂഷ നിർവ്വഹിക്കുന്ന ആ പ്രദേശത്തെ ഒരു പ്രൊട്ടസ്റ്റന്റ് സഭയുടെ ശുശ്രൂഷയിൽ അവൾ സംബന്ധിച്ചിരുന്നു. ആരാധനയ്ക്കു ശേഷം അവൾ മുന്നോട്ടുവന്ന് വിടുതലായി അപേക്ഷിച്ചു. ക്രിസ് കർത്താവിനോടൊപ്പം നിൽക്കുന്നുവോ എന്ന് കണ്ടുപിടിക്കുവാൻ ശ്രമിക്കാതെ അവർ അവളിലെ പിശാചുക്കളോട് പുറത്തുപോകുവാൻ കല്പിച്ചു. അവ പുറത്തു പോയി. താഴെ പറയുന്ന കാര്യങ്ങൾ ക്രിസ് എന്നോട് പറഞ്ഞതാണ്.

“പിശാചുക്കൾ പുറത്തുപോയി എന്നെനിക്കു മനസ്സിലായി എന്നാൽ വിവരണാതീധമായ വിധത്തിൽ ഭയങ്കര ഒരു ശൂന്യതയാണ് എനിക്ക് ഉള്ളിൽ അനുഭവപ്പെട്ടത്. പൈശാചീക പീഢനത്തോളം തന്നെ മരണവേദന ഉളവാക്കുന്ന തരത്തിലുള്ള ശൂന്യതയായിരുന്നു അത്. എന്തായിരുന്നാലും രണ്ട് വർഷങ്ങൾക്കു ശേഷം പീഢനമൊന്നുമില്ലാതെ ആ രാത്രിയിൽ ഞാൻ ഉറങ്ങി.” രണ്ട് ദിവസങ്ങൾക്ക് ശേഷം, അവൾക്കനുഭവപ്പെട്ട വലിയ ശൂന്യത കാരണത്താൽ ഒരു കത്തോലിക്കാ പള്ളിയിലെ ആരാധനയിൽ സംബന്ധിച്ചു, മാസിൽ പങ്കുകൊണ്ടു. എന്താണ് സംഭവിച്ചതെന്ന് ക്രിസ് എന്നോട് പറഞ്ഞു.

“കുർബ്ബാന സ്വീകരിച്ചു കഴിഞ്ഞ നിമിഷം ഒരു വലിയ ചൂടും ഊർജ്ജവും എന്നെ കീഴടക്കി, പിന്നീട് അതിഭീകരമായ വേദനയും ഉണ്ടായി. പഴയ പിശാചുക്കളേവരും കൂടാതെ മറ്റനേകം പിശാചുക്കളും എന്റെ ഉള്ളിൽ പ്രവേശിച്ചതായി ഞാനറിഞ്ഞു. എന്റെ സ്ഥിതി ഇപ്പോൾ മുമ്പെന്നത്തേതിനേക്കാളും വഷളായിരിക്കുന്നു.”

“ബലവാനെ പിടിച്ചു കെട്ടീട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പു കവർന്നുകളവാൻ എങ്ങനെ കഴിയും? പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ച ചെയ്യാം. (മത്താ. 12:29). “അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ട ശേഷം നീരില്ലാത്ത സ്ഥലങ്ങളിൽക്കൂടി തണ്ണുപ്പന്വേഷിച്ചുകൊണ്ടു സഞ്ചരിക്കുന്നു; കണ്ടെത്തുന്നില്ലതാനും. ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്കു മടങ്ങിച്ചെല്ലും എന്നു അവൻ പറയുന്നു; ഉടനെ വന്നു, അത് ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു. പിന്നെ അവൻ പുറപ്പെട്ടു തന്നിലും ദുഷ്ടതയേറിയ വേറെ ഏഴു ആത്മാക്കളെ കൂട്ടിക്കൊണ്ടു വരുന്നു; അവരും അവിടെ കയറി പാർക്കുന്നു; ആ മനുഷ്യന്റെ ഒടുവിലത്തെ സ്ഥിതി മുമ്പിലത്തേതിലും വല്ലാതെ ആകും; ഈ ദുഷ്ടതലമുറക്കും അങ്ങനെ ഭവിക്കും” (മത്താ. 12:43-45).

11-ാം അദ്ധ്യായം വായിച്ചു കഴിയുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും പിശാചുക്കൾക്ക് ക്രിസിലേക്ക് മടങ്ങിവരുവാൻ എങ്ങനെ സാധിച്ചു എന്ന്. തന്നെയുമല്ല, അവൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയല്ലാതിരുന്നതിനാൽ പരിശുദ്ധാത്മാവ് അവളിൽ അധിവസിച്ചിരുന്നില്ല. യഥാർത്ഥ വിശ്വാസത്തിൽ വന്നിട്ടില്ലാത്തവരിൽ നിന്ന് പിശാചുക്കളെ പുറത്താക്കുമ്പോഴുണ്ടാകുന്ന ദുരന്തഫലങ്ങളെ കാണിക്കുന്ന ഉദാഹരണങ്ങളിലൊന്നാണിത്. ക്രിസിനെ ഞാനിപ്പോൾ കാണാറില്ല. അവസാനം അവളെ കാണുമ്പോൾ അവളിൽ ആത്മഹത്യാപ്രവണതയാണ് കണ്ടത്. അവളുടെ രക്ഷക്കായി ഞാൻ മിക്കപ്പോഴും പ്രാർത്ഥിക്കാറുണ്ട്.

തന്നെയുമല്ല, ക്രിസ്ത്യാനികളിൽ വസിക്കുന്ന പിശാചുക്കളെ കൈകാര്യം ചെയ്യുമ്പോൾ പുറപ്പെട്ടുപോകുവാൻ അവയോട് കൽപ്പിക്കുവാൻ മതിയായ കൂടുതൽ ശക്തമായ ഒരു അടിസ്ഥാനം നിങ്ങൾക്കുണ്ട്. കാരണം ഇവിടെ അവർ 'വിശുദ്ധസ്ഥലത്ത്' അതിക്രമിച്ചു കടന്നവരാണ്. സജീവമായ പാപത്തിൽ മുഴുകി ജീവിക്കാത്ത ഒരു ക്രിസ്ത്യാനിയിൽ വസിക്കുവാൻ അവർക്ക് യാതൊരു അവകാശവുമില്ല.

അവരിൽ പിശാചുക്കൾ വസിക്കുന്നു എന്നും അവരെ ക്ലേശിപ്പിക്കുന്നത് പിശാചുക്കളായിരിക്കാമെന്നും സമ്മതിക്കുന്നതിൽ നിന്ന് ക്രിസ്ത്യാനികളെ തടസ്സപ്പെടുത്തുന്ന ഒരു സംഗതി അഹന്തയാണെന്ന് ഞാൻ കണ്ടിട്ടുണ്ട്. ഓർക്കുക, ദൈവത്തിന്റെ മന്ദിരത്തെ, അതായത് നമ്മളെ, അശുദ്ധമാക്കുവാൻ നമുക്ക് അനുവാദം നൽകുവാൻ കഴിയുമെന്ന് തിരുവചനം വളരെ വ്യക്തമായിപ്പറയുന്നുണ്ട്. അത്തരം പാപങ്ങളും അശുദ്ധിയും നമ്മുടെ ജീവിതങ്ങളിൽ അനുവദിച്ചുകൊടുക്കുകയാണെങ്കിൽ പിശാചുക്കളുടെ സാന്നിദ്ധ്യമുണ്ടാകാതെ ദൈവം നമ്മെ പരിരക്ഷിക്കണമെന്ന് നമുക്കെങ്ങനെ പ്രതീക്ഷിക്കുവാൻ കഴിയും? കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പൗലോസ് നൽകുന്ന പ്രബോധനത്തെ ഗൗരവമായി എടുക്കുവാൻ വായനക്കാരോട് ഞാൻ പറയുന്നു.

“നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നേ” (1 കൊരി. 3:16-17).


## സാത്താന് സഭയുണ്ടോ?

**സാത്താന് സഭയുണ്ടെന്ന് എലൈൻ പറയുന്നു. ആരാണ് എലൈൻ?**

**സാത്താന്റെ സഭയിലെ അംഗവും സാത്താന്റെ മണവാട്ടികളിൽ ഒരാളുമായിരുന്നു എലൈൻ എന്ന വനിത. സാത്താനേക്കുറിച്ചും സാത്താന്റെ സഭയേക്കുറിച്ചും അവർ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുന്നു.**

**അവൻ ബന്ധിതരെ മോചിപ്പിക്കുവാൻ വന്നു.** (125 രൂപ)

**യുദ്ധത്തിനായി ഒരുങ്ങുക.** (110 രൂപ)

വില എം.ഒ. അയച്ച് പുസ്തകം ആവശ്യപ്പെടുക.

**ബൈബിളുകൾ, പാട്ടുപുസ്തകങ്ങൾ, ക്രൈസ്തവ ഗ്രന്ഥങ്ങൾ, കാസറ്റുകൾ, സി.ഡികൾ തുടങ്ങിയവയും ലഭിക്കുന്നു.**

**പെരുമ്പാവൂർ ബുക്സ്**

ബെസ്റ്റ് കോംപ്ലക്സ്, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ. ഫോൺ: 0484-2592249 Mob: 94474 14608

RNI No. 68089 / 97
2005 May 1

# THE DEFENDER

REGISTERED
KL/CR/ALY/221/2003-05

# അച്ചൻകുഞ്ഞിന് തെറ്റിയതെവിടെ?

മരുപ്പച്ചയുടെ എഡിറ്ററും ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ അംഗവുമായ അച്ചൻകുഞ്ഞ് ഇലന്തൂർ കടുത്ത ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന വ്യക്തിയാണെന്ന് കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ. ടി.എസ്. ബാലൻ എന്ന ഈയുള്ളവന് അച്ചൻകുഞ്ഞിനോട് എന്തോ വിരോധമുള്ളതുകൊണ്ടാണ് ഇങ്ങനെ എഴുതിയതെന്ന് പലരും തെറ്റിദ്ധരിക്കുകയുണ്ടായി. അങ്ങനെയുള്ളവരുടെ അറിവിലേക്കായി പറയട്ടെ: അച്ചൻകുഞ്ഞ് എന്റെ സുഹൃത്താണ്. ഞങ്ങൾ തമ്മിൽ ഒരു പിണക്കവും ഇല്ല. എന്നാൽ യഹോവയ്ക്കു വേണ്ടി വാളേന്തുമ്പോൾ ഞാൻ സ്നേഹബന്ധങ്ങളും കടപ്പാടുകളും പരിഗണിക്കാറില്ല.

ടി.എസ്. ഏബ്രഹാം, കെ.സി. ജോൺ, സുരേഷ് ബാബു, ടി.ജി. കോശി, ടി.പി. ഏബ്രഹാം, മാത്യൂസ് ചാക്കോ, കെ.പി. യോഹന്നാൻ തുടങ്ങിയവരെയൊക്കെ ഞാൻ വിമർശിച്ചിട്ടുണ്ട്. ഇപ്പോഴും വിമർശിക്കുകയും ചെയ്യുന്നു. പക്ഷേ ഇവരെല്ലാരോടും എനിക്ക് വ്യക്തിപരമായ വിരോധമില്ല. തെറ്റു തിരുത്തി ദൈവസന്നിധിയിൽ മടങ്ങിയെത്താൻ ഇവർ തയ്യാറായാൽ തീരുന്ന പ്രശ്നമേ എനിക്ക് ഇവരുമായുള്ളൂ.

അച്ചൻകുഞ്ഞിനെ ഞാൻ എതിർക്കുന്നത് അദ്ദേഹം പ്രചരിപ്പിക്കുന്ന കടുത്ത ദുരുപദേശങ്ങളുടെ പേരിലാണ്. വ്യക്തിപരമായി അച്ചൻകുഞ്ഞ് അത്ര മോശക്കാരനൊന്നുമല്ല. അതുകൊണ്ടാണ് അച്ചൻകുഞ്ഞുമായുള്ള സ്നേഹബന്ധം ഇന്നും ഞാൻ തുടരുന്നത്.

രക്ഷയെ ബാധിക്കുന്ന ദുരുപദേശങ്ങൾ, രക്ഷയെ ബാധിക്കാത്ത ദുരുപദേശങ്ങൾ എന്നിങ്ങനെ ദുരുപദേശങ്ങളെ പ്രധാനമായും രണ്ടായി തിരിക്കാം. രക്ഷയെ ബാധിക്കാത്ത ഉപദേശ വ്യത്യാസങ്ങളുടെ പേരിൽ വഴക്കടിക്കേണ്ട കാര്യമില്ല. ഉല്പത്തി 6-ാം അദ്ധ്യായത്തിലെ ദൈവപുത്രന്മാർ ആരായാലും അത് നമ്മുടെ രക്ഷയെ ബാധിക്കയില്ല. വെളിപ്പാട് 11-ാം അദ്ധ്യായത്തിലെ രണ്ടു സാക്ഷികൾ ആരായാലും അതിന് രക്ഷയുമായി ഒരു ബന്ധവുമില്ല. എന്നാൽ പ്രജാപതിയെന്ന ഹൈന്ദവ ദേവൻ യേശുക്രിസ്തുവാണെന്നും പ്രജാപതിയെ രക്ഷിതാവായി സ്വീകരിച്ചാൽ രക്ഷിക്കപ്പെടുമെന്നും പ്രചരിപ്പിക്കുന്നത് കടുത്ത ദുരുപദേശമാണ്. രക്ഷയെ ബാധിക്കുന്ന ഇത്തരം ദുരുപദേശങ്ങളെ എതിർക്കാതെ പറ്റില്ല.

ദുരുപദേശം പ്രചരിപ്പിക്കുന്ന വ്യക്തിയുടെ ജനസമ്മിതി എത്രത്തോളം എന്നതും ഒരു പ്രധാന വിഷയമാണ്. ഐ.പി.സി.യിലെ ഒരു സാധാരണക്കാരനായ ഉപദേശി ദുരുപദേശം പ്രചരിപ്പിച്ചാൽ ഉണ്ടാകുന്ന ദോഷത്തിന്റെ ആയിരം മടങ്ങ് ദോഷം ടി.എസ്. ഏബ്രഹാം ദുരുപദേശം പ്രചരിപ്പിച്ചാൽ ഉണ്ടാകും. സാമാന്യം പ്രചാരമുള്ള മരുപ്പച്ചയുടെ എഡിറ്ററാണ് അച്ചൻകുഞ്ഞ് ഇലന്തൂർ. തന്റെ പത്രത്തിലൂടെ ചിലപ്പോഴൊക്കെ അച്ചൻകുഞ്ഞ് ഇലന്തൂർ തിരുമേനിമാർക്ക് എതിരെ ചന്ദ്രഹാസം ഇളക്കാറുമുണ്ട്. മാത്രമല്ല ഐ.പി.സി.യുടെ സ്റ്റേറ്റ് കൗൺസിൽ അംഗവുമാണ് അച്ചൻകുഞ്ഞ്. ഇത്തരത്തിലുള്ള ഒരാൾ പ്രചരിപ്പിക്കുന്ന ദുരുപദേശത്തിന് സാധുക്കളെ സ്വാധീനിക്കാൻ കഴിയും. അനേകരുടെ നാശത്തിന് അത് വഴിവെയ്ക്കും. അതുകൊണ്ടാണ് അച്ചൻകുഞ്ഞിന്റെ ദുരുപദേശങ്ങളെ ഞാൻ എതിർക്കുന്നത്.

യേശു ക്രിസ്തുവിന്റെ ക്രൂശുമരണം, ഉയിർപ്പ്, വീണ്ടും വരവ് തുടങ്ങിയവയിൽ വിശ്വസിക്കുന്ന എല്ലാവരും രക്ഷിക്കപ്പെട്ടവരാണെന്നത്രേ അച്ചൻകുഞ്ഞ് പറയുന്നത്. ഇത് ശരിയാണെങ്കിൽ സാക്ഷാൽ ചെകുത്താനു പോലും രക്ഷിക്കപ്പെടാം. അങ്ങനെയെങ്കിൽ പെന്തക്കോസ്ത് ഉപദേശം പമ്പരവിഡ്ഢിത്തമാണ്.

ഐ.പി.സി.യിലെ അംഗമായ അച്ചൻകുഞ്ഞ് ഐ.പി.സി.യുടെ ഭരണഘടനയിൽ ഉള്ള വിശ്വാസപ്രമാണങ്ങളെല്ലാം വിശ്വസിച്ചേ മതിയാകൂ. പക്ഷേ ഈ വിശ്വാസപ്രമാണങ്ങളിൽ പലതും അച്ചൻകുഞ്ഞിന് സ്വീകാര്യമല്ല. ഒരു വ്യക്തി പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുമ്പോൾ അന്യഭാഷയിൽ സംസാരിക്കുമെന്ന് ഐ.പി.സി. പഠിപ്പിക്കുന്നു. പക്ഷേ അച്ചൻകുഞ്ഞ് അത് അംഗീകരിക്കുകയില്ല. അന്യഭാഷ ഒരു കൃപാവരം മാത്രമാണെന്നത്രേ അച്ചൻകുഞ്ഞിന്റെ നിലപാട്. അന്യഭാഷയും വിവിധ ഭാഷകളുടെ വരവും തമ്മിലുള്ള വ്യത്യാസം മനസ്സിലാകാനുള്ള വിവരം അച്ചൻകുഞ്ഞിനില്ല.

കത്തോലിക്ക സഭയുടെ വിശ്വാസാചാരങ്ങളിൽ അടിയുറച്ച് വിശ്വസിക്കുന്ന വ്യക്തിയെ രക്ഷിക്കപ്പെട്ടവനായി അംഗീകരിക്കാൻ കഴിയുമോ? കഴിയുമെങ്കിൽ ഐ.പി.സി.യുൾപ്പെടെയുള്ള പെന്തക്കോസ്തു സംഘടനകൾ എത്രയും വേഗം പിരിച്ചു വിടണം. മദർ തെരേസ രക്ഷിക്കപ്പെട്ട വ്യക്തിയാണെങ്കിൽ പെന്തക്കോസ്തു വിശ്വാസപ്രമാണങ്ങൾ ശുദ്ധ വിവരക്കേടാണ്.

കത്തോലിക്കർ ഉൾപ്പെടെയുള്ള എല്ലാ ക്രൈസ്തവ വിഭാഗവുമായി സഹകരിച്ച് സുവിശേഷ വേല ചെയ്യാൻ പെന്തക്കോസ്തുകാർ തയ്യാറാകണമെന്ന് അച്ചൻകുഞ്ഞ് പറയുന്നു. അങ്ങേയറ്റം അപകടകരമായ ഒരു നിലപാടാണിത്. ഹിന്ദുവിനോടൊ മുസ്ലീമിനോടൊ കത്തോലിക്കർ പറയുന്ന സുവിശേഷം എന്തായിരിക്കും? കത്തോലിക്കാ വിശ്വാസത്തിന് അനുസൃതമായ സുവിശേഷമായിരിക്കും എന്നതിനു സംശയമില്ല. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന എല്ലാവരും നിത്യജീവൻ പ്രാപിക്കുമെന്ന് ഒരു കത്തോലിക്കനും പറയാനാവില്ല. കാരണം വിശ്വാസത്താലുള്ള നീതീകരണം എന്ന ഉപദേശം കത്തോലിക്ക സഭയിൽ ഇല്ലായെന്നതു തന്നെ. കത്തോലിക്കന്റെ സുവിശേഷം കേട്ട് ക്രിസ്ത്യാനിയാകുന്നവൻ കത്തോലിക്കനാവാതെ തരമില്ല. കാരണം കത്തോലിക്കസഭയ്ക്ക് പുറത്ത് രക്ഷയില്ല എന്ന ഉപദേശമായിരുക്കുമല്ലോ ഒരു യഥാർത്ഥ കത്തോലിക്കൻ പറയുന്നത്. രക്ഷയുടെ ഉപദേശമെന്ന പരമ പ്രധാനമായ വിഷയത്തിൽ പോലും യോജിക്കാനാവാത്ത സമുദായങ്ങളുമായി ചേർന്ന് പെന്തക്കോസ്തുകാർ സുവിശേഷ ഘോഷണം നടത്തണം എന്നു ശഠിക്കുന്ന അച്ചൻകുഞ്ഞിന് രക്ഷ എന്താണെന്നോ സുവിശേഷം എന്താണെന്നോ അറിയില്ലെന്നു വ്യക്തം.

'ഞാൻ രക്ഷിക്കപ്പെട്ടവനാണ്' എന്ന് ഏതെങ്കിലും കത്തോലിക്കൻ പറയുമോ? സാക്ഷാൽ പോപ്പു പോലും പറയില്ല. അതുകൊണ്ടാണല്ലോ പോപ്പിന്റെ ആത്മശാന്തിയ്ക്കായി ലോക മെമ്പാടുമുള്ള കത്തോലിക്കർ പ്രാർത്ഥിക്കേണ്ടതായി വന്നത്. ഈ ഭൂമിയിൽ വച്ചു തന്നെ രക്ഷിക്കപ്പെടാമെന്ന് നാമധേയ ക്രൈസ്തവ സഭകൾ പഠിപ്പിക്കുന്നില്ല. വീണ്ടും ജനനത്തിന്റെ ഉപദേശം സമുദായങ്ങൾ പഠിപ്പിക്കുന്നില്ല. വീണ്ടും ജനനം പ്രാപിച്ച് ക്രിസ്ത്യാനിയാകുന്ന പരിപാടി നാമധേയ ക്രൈസ്തവ സഭകളിലില്ല.

വീണ്ടും ജനനത്തിന്റെ ഉപദേശം പഠിപ്പിക്കാത്ത എല്ലാ സംഘടനകളും സാത്താന്റെ നിയന്ത്രണത്തിലാണ്. മനുഷ്യർ നിത്യരക്ഷപ്രാപിക്കുന്നത് തടയാനായി സാത്താൻ ഈ സംഘടനകളെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾക്ക് ഇത്തരം സംഘടനകളുമായി ഒരു വിധത്തിലുള്ള സഹകരണവും സാധ്യമല്ല. ഇവരുമായി സഹകരിച്ച് സുവിശേഷഘോഷണം നടത്തണമെന്ന സിദ്ധാന്തം അംഗീകരിക്കാനുമാവില്ല.

സമുദായങ്ങളുമായി സഹകരിക്കാനാവില്ലെങ്കിൽ ദൈവമക്കൾ തങ്ങളുടെ കൈവശമിരിക്കുന്ന വേദപുസ്തകം ബൈബിൾ സൊസൈറ്റിയിൽ തിരികെ നൽകണമെന്നാണ് ഈയിടെ അച്ചൻകുഞ്ഞ് എന്നോട് പറഞ്ഞത്. രക്ഷിക്കപ്പെടാത്തവർ തന്ന എല്ലാ ഡിഗ്രികളും ഞാൻ ഉപേക്ഷിക്കണമെന്നും അച്ചൻകുഞ്ഞ് ഉപദേശിച്ചു. രക്ഷിക്കപ്പെടാത്തവർ നിർമ്മിച്ച പേപ്പറിൽ ഡിഫെൻഡർ അടിക്കുന്നതു പോലും പാപമാണെന്നു വരെ അച്ചൻകുഞ്ഞ് പറഞ്ഞുവെച്ചു. ഒറ്റ നോട്ടത്തിൽ ശരിയെന്നു തോന്നുന്ന ഒരു വാദഗതിയാണിത്. ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചാൽ അച്ചൻകുഞ്ഞ് സൃഷ്ടിക്കുന്ന പുകമറ മാറിപ്പോകും. വിശദീകരിക്കാം:

കൊരിന്തിലെ ചന്തകളിൽ വില്പനയ്ക്ക് വച്ചിരുന്ന മാംസമെല്ലാം വിഗ്രഹാർപ്പിതങ്ങളായിരുന്നു. ദൈവമക്കൾക്ക് അതു വാങ്ങി ഭക്ഷിക്കാൻ അനുവാദമുണ്ടോ എന്ന ചോദ്യം കൊരിന്തിലെ ദൈവമക്കളെ അലട്ടി. അങ്ങാടിയിൽ വിൽക്കുന്ന എന്തും ഒരു അന്വേഷണം നട ത്താതെ വാങ്ങി ഭക്ഷിക്കാം എന്ന ഉപദേശമത്രേ പൗലോസ് അ വർക്ക് നൽകിയത്. വിഗ്രഹാർപ്പിതം പോലും വില കൊടുത്തു വാങ്ങി ഭക്ഷിക്കാമെങ്കിൽ രക്ഷിക്കപ്പെടാത്തവർ ഉണ്ടാക്കിയ കടലാസ് വിലകൊടുത്തു വാങ്ങി ഡിഫെൻഡറോ, ലഘുലേഖയോ, പുസ്തകമോ അടിയ്ക്കുന്നതിൽ എന്താണ് തെറ്റ്. നാം വില കൊടുത്തു വാങ്ങുന്ന വേദപുസ്തകം ദൈവവചനമാണ്. സമുദായക്കാരൻ അച്ചടിച്ചതുകൊണ്ട് വേദപുസ്തകത്തിന് അശുദ്ധിയുണ്ടാകുന്നില്ല. പക്ഷേ സമുദായക്കാരനുമായി ചേർന്ന് സുവിശേഷഘോഷണം നടത്തിയാൽ പ്രചരിക്കുന്നത് വ്യാജസുവിശേഷമായിരിക്കും. പാപിയെ രക്ഷയിലേക്കു നയിക്കുവാൻ വ്യാജസുവിശേഷത്തിനു കഴിയുന്നതല്ല. അച്ചൻകുഞ്ഞിന് മനസ്സിലാക്കാൻ കഴിയാതെ പോകുന്ന വസ്തുത ഇതാണ്.

ബി.എ., എം.എ., ബി.ഡി., എം.റ്റി.എച്ച്. തുടങ്ങി പല ഡിഗ്രികളും എനിക്കുണ്ട്. ഇവയൊക്കെ ഞാൻ പഠിച്ചു നേടിയതുമാണ്. ഡിഗ്രി നേടുവാൻ എന്റെ വിശ്വാസം ത്യജിക്കേണ്ടതായി വന്നിട്ടില്ല. ഒരു വിധത്തിലുള്ള ഇണയില്ലാപിണയും ഈ ഡിഗ്രികൾ നേടുവാൻ ആവശ്യവുമില്ല. പഠിച്ചു ഡിഗ്രികൾ നേടുമ്പോൾ ഡിഗ്രി തരുന്ന വ്യക്തിയുടെ ആത്മീയനിലവാരം ഞാൻ പരിഗണിക്കേണ്ടതുമില്ല. ആട്ടിൻ കാഷ്ഠവും കൂർക്കയും തിരിച്ചറിയാനുള്ള വിവരം അച്ചൻകുഞ്ഞിന് ഇല്ലാത്തതുകൊണ്ടാണ് ഇത്തരം മണ്ടൻ ചോദ്യങ്ങൾ ചോദിക്കുന്നത്.

രക്ഷിക്കപ്പെട്ടവർക്ക് രക്ഷിക്കപ്പെടാത്തവരുമായി ഒരു വിധത്തിലുള്ള സഹകരണവും പാടില്ലായെന്ന് ദൈവവചനം പറയുന്നില്ല. വിശ്വാസികൾ അവിശ്വാസികളുമായി ഇണയില്ലാപിണ കൂടുന്നതു മാത്രമേ ദൈവവചനം വിലക്കിയിട്ടുള്ളൂ. വില കൊടുത്ത് ഒരു സാധനം വാങ്ങുമ്പോൾ അത് ഉണ്ടാക്കിയവനും വിൽക്കുന്നവനും രക്ഷിക്കപ്പെട്ടവനാണോ എന്ന് അന്വേഷിക്കേണ്ട ആവശ്യം ഇല്ല. പഠിച്ച് ഡിഗ്രി വാങ്ങുമ്പോൾ ഡിഗ്രി തരുന്നവന്റെ ജാതിയും മതവും അന്വേഷിക്കേണ്ടതുമില്ല. പക്ഷേ രക്ഷിക്കപ്പെട്ട ദൈവമക്കൾക്ക് രക്ഷിക്കപ്പെടാത്തവരുമായി ആത്മീയ കാര്യങ്ങളിൽ സഹകരണം ഉണ്ടാകേണ്ടതിന്റെ ആവശ്യമില്ല. അച്ചൻകുഞ്ഞ് അല്ല സാക്ഷാൽ ചെകുത്താൻ തന്നെ വന്നു പറഞ്ഞാലും രക്ഷിക്കപ്പെട്ട ദൈവമക്കൾക്ക് രക്ഷിക്കപ്പെടാത്തവരുമായി ചേർന്ന് സുവിശേഷ വേല ചെയ്യേണ്ട ആവശ്യമില്ല.

അച്ചൻകുഞ്ഞ് ഇലന്തൂരിനോട് ടി.എസ്. ബാലൻ എന്ന ഈയുള്ളവന് പറയാനുള്ളത് ഇതാണ്: ഐ.പി.സി.യിലെ അംഗവും ഐ.പി.സി.യിലെ സ്റ്റേറ്റ് കൗൺസിൽ മെമ്പറുമായ നിങ്ങൾ ഐ.പി.സി.യുടെ ഭരണഘടനയിൽ ഉള്ള വിശ്വാസപ്രമാണങ്ങൾ അംഗീകരിക്കാൻ ബാധ്യസ്ഥനാണ്. അവയിൽ ഏതെങ്കിലും കാര്യങ്ങൾ നിങ്ങൾക്ക് അംഗീകരിക്കാൻ ആവില്ലെങ്കിൽ ഐ.പി.സി. വിട്ട് പുറത്ത് പോവുക. ആത്മവഞ്ചന അവസാനിപ്പിക്കുക. ഉരുണ്ടു കളിച്ച് തടിതപ്പാമെന്നാണ് കരുതുന്നതെങ്കിൽ നിങ്ങൾക്ക് തെറ്റി. ഡിഫെൻഡർ ഉള്ള കാലത്തോളം അച്ചൻകുഞ്ഞിന്റെ പദ്ധതി നടപ്പിലാകില്ല.

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-2592249
മൊബൈൽ: 94474 14608

## റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ സി.ഡി. റോമിൽ

13 പ്രസംഗങ്ങൾ. 13 മണിക്കൂർ ദൈർഘ്യം MP 3 ഫോർമാറ്റ്. വില 100 രൂപ മാത്രം പോസ്റ്റേജ് സൗജന്യം. വില എം.ഒ. അയക്കുക. കൊറിയർ സർവ്വീസിലൂടെയാണ് സി.ഡി. അയക്കുന്നത്. അതു കൊണ്ട് നിങ്ങളുടെ ഫോൺ നമ്പർ, നിങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ കൊറിയർ സർവ്വീസിൻെറ പേര് എന്നിവ മണിയോർഡർ കൂപ്പണിൽ എഴുതുക.

കൂടുതൽ വിവരങ്ങൾക്ക്:
എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542
ഫോൺ: **0484-2592249,** 9447414608

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan